അൽ ഹഖ്
AHMADIYYA NEWS BULLETTIN
A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA | മാർച്ച് 2007 | PRIVATE CIRCULATION

മൂന്നാം പേജിൽ
ബൾഗേറിയ- മുസ്‌ലിം കുടിയേറ്റത്തിന്റെ മാർഗ്ഗം
ഡോ. സൈമൺ എസ്താതിയേസ്


മൂന്നാം പേജിൽ

പാക്കിസ്ഥാനിൽ അരക്ഷിതാവസ്ഥ

നാലാം പേജിൽ

മാറ്റത്തിന്റെ വസന്തം; എക്സിബിഷൻ 2007

അഞ്ചാം പേജിൽ
പ്രകാശം പരത്തുന്ന ജീവിതങ്ങൾ
(സഹാബിമാരുടെ ജീവിതാനുഭവങ്ങൾ)
ഹദ്റത്ത് മിർസാ അയ്യൂബ് ബേഗ് സാഹിബ്(റ)

ഏഴാം പേജിൽ
പിന്നിട്ട നാളുകൾ

കെ.പി. അഹ്മദ് സാഹിബ്

# നബിതിരുമേനി(സ)യുടെ അനുയായികൾ ലോകം മുഴുവൻ തലയുയർത്തിനില്ക്കും

**ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ്(അയ്യദഹുല്ലാഹ്)**

**ഇ**ക്കാലത്ത് പാശ്ചാത്യലോകത്ത്, ഏതെങ്കിലും നാട്ടിൽ ഇസ്‌ലാമിനും നബി(സ) തിരുമേനിയ്ക്കുമെതിരിൽ വിവിധ രീതിയിൽ തെറ്റായ പ്രചാരണം നടത്തി, നബി(സ)യുടെ സ്ഥാനത്തെ അടിച്ചുതാഴ്ത്താനുള്ള ശ്രമം നടന്നുവരുന്നുണ്ട്. കഴിഞ്ഞദിവസം, ഹോളണ്ടിലെ ഒരു പാർലമെന്റംഗം ഇത്തരം ഒരു പ്രസ്താവം നടത്തി. അതിൽ നബി(സ) തിരുമേനിയേയും, ഇസ്‌ലാമിനേയും, വിശുദ്ധഖുർആനേയും കുറിച്ച് നിരർത്ഥകവും അക്രമപരവുമായ പദപ്രയോഗങ്ങളാണ് നടത്തിയിട്ടുള്ളത്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, എവിടെയൊക്കെ ഇസ്‌ലാമിനും, ഇസ്‌ലാമിന്റെ സ്ഥാപകനുമെതിരെ(സ) ഇത്തരം നിരർത്ഥകമായ സംസാരങ്ങൾ നടക്കുന്നുവോ, അവിടെ ജമാഅത്ത് ഉടനെ അതിന് മറുപടി നല്കാറുണ്ട്. പൊതുജനങ്ങളുടെ ഇടയിൽ നിന്ന് ഈ തെറ്റുധാരണ മായ്ച്ചുകളയുന്നതിനും ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾ അവർക്ക് പറഞ്ഞുകൊടുക്കുന്നതിനും വേണ്ടി ഇക്കാര്യത്തെക്കുറിച്ചെഴുതാൻ ഹോളണ്ടിലെ അഹ്മദികളോടും ഞാൻ പറഞ്ഞിരുന്നു.

യഥാർത്ഥത്തിൽ ഇന്ന് ഇസ്‌ലാം ഒന്നുമാത്രമാണ് മതത്തിന്റേയും അല്ലാഹുവിന്റേയും ബുദ്ധിപരമായ ചിന്ത സമർപ്പിക്കുന്നത്. നിരർത്ഥകവും അബദ്ധജടി



ലവുമായ കാര്യങ്ങൾ ഇക്കൂട്ടർ പറയുന്നത് അറിവില്ലായ്മകൊണ്ടോ, അറിവിലുള്ള കുറവുകൊണ്ടോ ആണ്. അതുകൊണ്ട് ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനമെന്താണെന്ന് അവർക്ക് പറഞ്ഞുകൊടുക്കുക. അവരുടെ ബുദ്ധി തെളിമയാർന്നതായിത്തീരാൻ അവിടത്തെ ജീവിതത്തിന്റെ ഒരോ ദിശയിലും മാതൃക എന്തായിരുന്നുവെന്നും സൃഷ്ടികളോടുള്ള സഹാനുഭൂതി എങ്ങനെയാണ് അവിടത്തെ പരിശുദ്ധഹൃദയത്തിൽ നിറഞ്ഞിരുന്നതെന്നും പറഞ്ഞുകൊടുക്കേണ്ടതാണ്. എന്നാൽ, അവരുടെ ഹൃദയം പകയാലും വിദ്വേഷത്താലും നിറഞ്ഞിരിക്കുകയും ഒന്നും കേൾക്കാൻ തയ്യാറാകാതിരിക്കുകയുമാണെങ്കിൽ അതുമുഖേന അവരിൽ ന്യായപൂർത്തിവരുമല്ലോ.

എന്തായാലും ഇന്ന് ഇത് വലിയൊരു ജോലിയാണ്. ഓരോ അഹ്മദിയും ഇത് ചെയ്യേണ്ടതാണ്. ഞാൻ പറഞ്ഞ ഹോളണ്ടിലെ പാർലമെന്റംഗത്തിന്റെ മനസ്സിൽ, ഇസ്‌ലാമിനോടും നബി(സ) തിരുമേനിയോടും വിശുദ്ധഖുർആനോടും മുസ്‌ലിംകളോടുമുള്ള പകയും വിദ്വേഷവും അതിന്റെ പാരമ്യതയിലെത്തിയിരിക്കുന്നുവെന്നാണ് തോന്നുന്നത്. അതാണ് കഴിഞ്ഞ ഒരു ദിവസം അയാൾ ഇന്റർവ്യൂവിലൂടെ പ്രകടിപ്പിച്ചത്. ഇദ്ദേഹത്തിന്റെ പേര്, ഖയ്റത്ത് ബിൽഡേഴ്സ് എന്നാണ്. കാത്തലിക് കുടുംബത്തിലാണ് ഇയാൾ ജനിച്ചത്. പക്ഷേ, ഇപ്പോൾ എനിക്ക് കിട്ടിയ റിപ്പോർട്ടനുസരിച്ച് ഇയാൾക്ക് മതവുമായി പ്രത്യേക ബന്ധമൊന്നുമില്ല.

ഇവർക്ക് തങ്ങളുടെ മതത്തിൽനിന്ന് സമാധാനം കിട്ടാതെ വരികയും, ദൈവത്തിനോളം എത്തുന്നത് എങ്ങനെയെന്ന് മനസ്സിലാകാതാകുകയും ചെയ്തപ്പോൾ, ഇസ്‌ലാമിനെ ചീത്തപറയാനും അതിനെതിരിൽ ആക്ഷേപം ഉന്നയിക്കാനും തുടങ്ങിയിരിക്കുകയാണ്. എന്തായാലും, ഈ സാഹിബ്, ഇസ്‌ലാമികാദ്ധ്യാപനത്തിനുമേൽ ആരോപണമുന്നയിക്കുന്നവരിൽ പഴയ ഒരാളാണ്. രാജ്യ

(ശേഷം 2-ാം പേജിൽ)

## വീണ്ടും രക്തസാക്ഷിത്വം

**ലാഹോർ:** ‘അവിശ്വാസി’യെന്ന ആരോപണം ഉയർത്തി ലാഹോറിനടുത്ത മണ്ടി ബഹാവുദ്ദീനിൽ ഒരു അഹ്മദിയെ വെടിവെച്ചുകൊന്നു. പഞ്ചാബ് മേഖലയിലെ ഒരു റിട്ടയേർഡ് എ.എസ്.ഐ ആയ റിയാസ് ഗോൻഡൽ ആണ് ഘാതകൻ. പാലിഖൻ എന്ന സ്ഥലത്തിനടുത്ത് സിറ ഗ്രാമത്തിലെ ഒരു ഹോട്ടലിൽവെച്ച് പ്രഭാതഭക്ഷണം കഴിച്ചുകൊണ്ടിരുന്ന മുഹമ്മദ് അശ്റഫ് ആണ് റിയാസിന്റെ തോക്കിന്നിരയായത്. ‘അവിശ്വാസം’ ഈ മേഖലയിൽ പ്രചരിപ്പിക്കുന്നുവെന്ന് ആക്രോശിച്ചുകൊണ്ടാണ് ഘാതകൻ അശ്റഫിനെ വെടിവെച്ചത്. എട്ടുവർഷം മുമ്പേ അഹ്മദിയ്യത്ത് സ്വീകരിച്ചയാളാണ് അശ്റഫ്. ഇദ്ദേഹം അഹ്മദിയായ കാര്യം അറിഞ്ഞയുടനെതന്നെ ചില പ്രാദേശിക പള്ളികളിൽവച്ച് അശ്റഫിനെ ബഹിഷ്കരിക്കാനുള്ള ആഹ്വാനം മുഴങ്ങിയിരുന്നു. അശ്റഫിനെ വെടിവെച്ചിട്ടയുടൻ അടുത്തുള്ള പോലീസ് സ്റ്റേഷനിൽചെന്ന് കീഴടങ്ങിയ റിയാസ് ഗോൻഡലിനെതിരെ പാക്ക് ശിക്ഷാനിയമം അനുസരിച്ച് വധശിക്ഷയ്ക്ക് കേസെടുത്തിട്ടുണ്ട്.

അശ്റഫിന്റെ ജനാസ മറയടക്കുന്നതിൽ പങ്കെടുക്കാൻ അദ്ദേഹത്തിന്റെ ഭാര്യയേയും മകളേയും തീവ്രവാദികൾ അനുവദിച്ചില്ല. 2005 ഒക്ടോബറിൽ 8 പേരെ വധിക്കുകയും 18 പേർക്ക് പരിക്കേൽക്കുകയും ചെയ്ത മോംഗ് ഇതേ ജില്ലയിൽതന്നെയാണ്. അഹ്മദികൾക്കുനേരെ വർദ്ധിച്ചുവരുന്ന അക്രമങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിന്റെ വക്താക്കൾ ഉത്കണ്ഠ രേഖപ്പെടുത്തി. 1984-നും 2005-നും ഇടയിൽ 83 അഹ്മദികൾ ഇസ്‌ലാമിക മൗലികവാദികളാൽ പാകിസ്ഥാനിൽ കൊല്ലപ്പെട്ടു എന്നാണ് കണക്കാക്കപ്പെടുന്നത്.

## വാസ്കോഡഗാമയുടെ ചരിത്രം തിരുത്തപ്പെടുന്നു

**അൽഹഖ് ന്യൂസ് ഡെസ്ക്**

**വാ**സ്കോ ഡ ഗാമയുടെ സഞ്ചാരപഥവും, ചരിത്രവും പുനർവായിക്കപ്പെടുന്നു. ഗാമ കോഴിക്കോടിനടുത്ത കാപ്പാട് കപ്പലിറങ്ങിയെന്ന അംഗീകൃത ചരിത്രം ചോദ്യം ചെയ്യപ്പെടുകയാണിപ്പോൾ. ചരിത്രപരമായ വലിയ വിവാദങ്ങൾക്ക് വഴിയൊരുക്കിക്കൊണ്ട് ഗാമ ആദ്യമിറങ്ങിയത് കാപ്പാടല്ല എന്നും മറിച്ച്, കൊയിലാണ്ടിക്കടുത്തുള്ള പന്തലായിനി തുറമുഖത്താണെന്നുമാണ് പുതിയ വാദം. കണ്ണൂർ സെന്റ് ആഞ്ചലോ കോട്ടയിലെ ടൂറിസം

(ശേഷം 3-ാം പേജിൽ)



കണ്ണൂരിൽ നടത്തിയ അൽഖുർആൻ എക്സിബിഷൻ ഉദ്ഘാടനം ചെയ്ത മൗലാനാ ഇനാംഗോരി സാഹിബ് ബോർഡുകൾ നടന്നുകാണുന്നു. (വാർത്ത നാലാം പേജിൽ)

## ബംഗ്ലാദേശി പത്രപ്രവർത്തകനെതിരെ പീഡനം

**ധാക്ക:** ബംഗ്ലാദേശിലെ പ്രമുഖ പത്രപ്രവർത്തകരിലൊരാളായ സലാഹുദ്ദീൻ ശുഐബ് ചൗധരിയെ തന്റെ പുരോഗനാത്മകമായ നിലപാടുകളുടെ പേരിൽ ബംഗ്ലാദേശ് ഗവർമ്മെന്റ് പീഡിപ്പിക്കുന്നു. 2003 നവംബറിൽ ടെൽ-അവീവിലേക്ക് പുറപ്പെടാൻ സിയാ അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തിയ ചൗധരി അറസ്റ്റ് ചെയ്യപ്പെട്ടു. പിന്നീട് 17 മാസങ്ങൾക്കുശേഷം യു.എസ്. വിദേശകാര്യ വകുപ്പും മറ്റുചില രാജ്യാന്തര സംഘടനകളും ഇടപെട്ടപ്പോൾ 2005 ഏപ്രിലിൽ ഇദ്ദേഹത്തെ ജയിൽ വിമോചിതനാക്കി.

എന്നാൽ 2006 മെയ് 5-ന് ഒരുകൂട്ടം മതമൗലികവാദികൾ ചൗധരിയുടെ പത്രമാഫീസ് ബോംബെറിഞ്ഞ് തകർത്തു. 2006 മെയിൽതന്നെ തനിക്ക് ലഭിച്ച ഒരവാർഡ് സ്വീകരിക്കാൻ പോകാനൊരുങ്ങിയ ഇദ്ദേഹത്തെ ഗവർമ്മെന്റ് തടഞ്ഞുവച്ചു. ബംഗ്ലാദേശിലെ ന്യൂനപക്ഷ വിഭാഗമായ അഹ്മദികളെ സഹായിക്കുന്നതരത്തിൽ പത്രറിപ്പോർട്ടെഴുതി എന്നായിരുന്നു മതതീവ്രവാദികളുടെ ചൗധരിക്കെതിരായ ആരോപണം. ഈ ആക്രമത്തെക്കുറിച്ച് നേരത്തെ അറിഞ്ഞ സലാഹുദ്ദീൻ ചൗധരി പോലീസിൽ മുന്നറിയിപ്പ് നല്കിയെങ്കിലും ആരും തിരിഞ്ഞുനോക്കിയില്ല. വീണ്ടും 2006 ഒക്ടോബറിൽ സായുധരായ ഒരു സംഘം ആളുകൾ അക്രമം നടത്തി. അക്രമകാരികളിലേറെ പേരും ഭരണകക്ഷിയായ ബി.എൻ.പിയുടെ സജീവ പ്രവർത്തകരായിരുന്നു. സ്വാഭാവികമായും പോലീസ് തിരിഞ്ഞുനോക്കിയില്ല. അക്രമികൾ ചൗധരിയെ മർദ്ദിച്ചവശനാക്കി. ചൗധരിക്കെതിരെയുള്ള അവകാശലംഘനങ്ങൾ ഉടനെ പിൻവലിക്കാൻ അമേരിക്കൻ വിദേശകാര്യവകുപ്പ് ബംഗ്ലാ ഗവർമ്മെന്റിനോട് കടുത്ത ഭാഷയിൽ ആവശ്യപ്പെട്ടു.

# ബൾഗേറിയ– മുസ്‌ലിം കുടിയേറ്റത്തിന്റെ മാർഗ്ഗം
## ഡോ. സൈമൺ എസ്താതിയേസ്

ബൾഗേറിയയിലെ പ്രമുഖ അറബ് പണ്ഡിതൻ ഡോ. സൈമൺ എസ്താതിയേസുമായി ഫോക്കസ്ന്യൂസ് ഏജൻസി നടത്തിയ അഭിമുഖത്തിന്റെ സംക്ഷിപ്തരൂപം.

* ഈയ്യിടെ സംഘടിത കുറ്റകൃത്യങ്ങൾക്കായുള്ള ഡയരക്ടറേറ്റ് ഖിലാഫത്തും ജിഹാദും പ്രചരിപ്പിക്കുന്ന ഏതാനും വെബ്സൈറ്റുകൾ നിരോധിച്ചിരുന്നു. ഇത്തരം ആശയങ്ങൾ അപകടകരവും ബൾഗേറിയൻ പശ്ചാത്തലത്തിൽ യാഥാർത്ഥ്യവല്ക്കരിക്കാൻ പ്രയാസമുള്ളതുമാണോ?

– ബൾഗേറിയയിൽ ഇത്തരം റാഡിക്കൽ ആശയങ്ങൾ നിലനിൽക്കുമെന്ന് ഞാൻ കരുതുന്നില്ല. എന്നാൽ തീവ്രവാദപരമായ ആശയങ്ങൾ വേരുപിടിക്കുന്നെങ്കിൽ തീർച്ചയായും അത് ചിന്താർഹമാണ്. ബൾഗേറിയൻ മുസ്‌ലിംകൾക്കിടയിൽ വളരെക്കാലമായി കഴിയുന്ന ആൾ എന്ന നിലയിൽ ഇങ്ങനെയൊരു പ്രവണത ഉരുത്തിരിഞ്ഞുവരുമെന്ന് ഞാൻ കരുതുന്നില്ല. വെബ്സൈറ്റുകൾ നിരോധിക്കുന്നതിന് മുമ്പായി അവയുടെ ഉള്ളടക്കം പരിശോധിക്കണമായിരുന്നു. അഥവാ അവയിൽ നിയമവിരുദ്ധമായ എന്തെങ്കിലും കണ്ടെത്തിയാൽ ഇത്തരം സൈറ്റുകൾക്ക് പിറകിലെ ആളുകൾ ശിക്ഷിക്കപ്പെടേണ്ടതു തന്നെയാണ്.

* അടുത്തയിടെ അഹ്മദിയ്യാ മുസ്‌ലിം വിഭാഗത്തിന് ബൾഗേറിയൻ നഗരമായ ബ്ലാഗോവ്ഗാർഡിൽ രജിസ്ട്രേഷൻ നിഷേധിക്കപ്പെട്ടിരുന്നു. എന്നാൽ, ജർമ്മനി പോലുള്ള രാജ്യങ്ങളിൽ ഇത്തരം വിഭാഗങ്ങൾ നിയമപരമായി തന്നെ നിലനിൽക്കുന്നുമുണ്ട്. എന്തുകൊണ്ടാണ് ഇത്തരം വൈരുദ്ധ്യങ്ങൾ ഉണ്ടാകുന്നത്?

– രജിസ്ട്രേഷൻ നിഷേധിക്കുക എന്നത് പ്രശ്നത്തെ ഭാവിയിലേക്ക് നീട്ടിവയ്ക്കുക എന്നതു മാത്രമാണ്. ഇനി അഹ്മദികളാണെങ്കിൽ യാഥാസ്ഥിതിക– പാരമ്പര്യ മുസ്‌ലിംകളിൽ നിന്ന് വളരെ വിഭിന്നമാണ്. ഈ വിഭാഗം ഒരിക്കലും തീവ്രവാദികളോ റാഡിക്കൽ– അക്രമാസക്ത ചിന്താഗതിക്കാരോ അല്ല. മുഖ്യധാരാ ഇസ്‌ലാമിൽ നിന്ന് അവർ വിശ്വാസപരമായി അകന്നിരിക്കുന്നു. വ്യക്തിപരമായി അഹ്മദികളെ നിരോധിക്കുന്ന തീരുമാനത്തെ എനിക്ക് അംഗീകരിക്കാൻ വയ്യ. ഇക്കൂട്ടർ ഒരിക്കലും പ്രശ്നക്കാരല്ല. ലണ്ടൻപോലുള്ള സ്ഥലങ്ങളിൽ അഹ്മദികൾ ഏറെ ബഹുമാനിക്കപ്പെടുന്നുണ്ട്. ചുരുക്കത്തിൽ തീർത്തും അപകടരഹിതരാണ് ഇവർ.

* അങ്ങനെയെങ്കിൽ ഇതര മതവിഭാഗങ്ങളെ ഭയക്കുകയാണോ ബൾഗേറിയ?

– അതെ. ബൾഗേറിയക്കാർ യാഥാസ്ഥിതികരാണ്. പുതിയ വിഭാഗങ്ങളേയും മതങ്ങളേയും ഒരു 'ലേബൽ' പതിപ്പിക്കുന്നതിന് മുമ്പേ തന്നെ ബൾഗേറിയക്കാർ തുറന്ന മനസ്സോടെ പെരുമാറേണ്ടതുണ്ട്.

* നിരോധിക്കപ്പെട്ട സൈറ്റുകൾ അൽ–ഖയ്ദ ആശയങ്ങൾ പ്രചരിപ്പിക്കുന്നുവെന്ന് ആരോപണമുണ്ടല്ലോ?

– അൽ–ഖയ്ദയുടേത് പോലെ വേറെ ആശയമുണ്ടെന്ന് ഞാൻ കരുതുന്നില്ല. യഥാർത്ഥ മുസ്‌ലിം ചിന്താഗതിയിൽനിന്ന് വിഭിന്നമായ ആശയമാണത്. ഈജിപ്ത്പോലെ പല രാജ്യങ്ങളിലും ഇസ്‌ലാം രാഷ്ട്രീയപരവും ചരിത്രപരവുമായ ബഹുമുഖ തലങ്ങളിലാണ് നിലകൊള്ളുന്നത്. എന്നാൽ, അൽഖയ്ദ രാജ്യാന്തരതലത്തിൽ പ്രവർത്തിക്കുന്നുണ്ട്. വലിയ വ്യത്യാസം ഇക്കൂട്ടർ പാശ്ചാത്യലോകത്തിനെതിരെ അക്രമം കാണിക്കുന്നുവെന്നതാണ്.

* ബൾഗേറിയ ഇപ്പോൾ എന്തെങ്കിലും സുരക്ഷാ ഭീഷണി നേരിടുന്നുണ്ടോ?

– ഇതൊരു വലിയ പ്രശ്നമാണെന്ന് ഞാൻ കരുതുന്നില്ല. എന്നാൽ, ബൾഗേറിയ യൂറോപ്യൻ യൂണിയനിൽ ചേരുന്ന സമയത്ത് അല്പം ശ്രദ്ധിക്കേണ്ടതുണ്ട്. അത്തരമൊരവസരത്തിൽ ബൾഗേറിയ ഇതര രാജ്യങ്ങളിലെ മുസ്‌ലിംകളെ ആകർഷിച്ചേക്കാം. മറ്റ് യൂറോപ്യൻ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റക്കാർ ബൾഗേറിയയെ ഒരു പാതയായി കണ്ടേക്കും. പുതിയ കുടിയേറ്റക്കാർ ഇവിടെ സ്ഥിരതാമസമാക്കാനും സാധ്യതയുണ്ട്. ബൾഗേറിയയിലെ ദേശീയ സ്ഥാപനങ്ങൾ ബൾഗേറിയൻ മുസ്‌ലിംകളെ അപകടകരമായ സ്വാധീനങ്ങളിൽ നിന്നൊഴിവാക്കാനാണ് അപ്പോൾ ശ്രമിക്കേണ്ടത്.

# പാക്കിസ്ഥാനിൽ അരക്ഷിതാവസ്ഥ

**പാക്കിസ്ഥാൻ :** പാക്കിസ്ഥാനിൽ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഇഫ്തികാർ ചൗധരിയുടെ അറസ്റ്റിനെ തുടർന്നുണ്ടായ കലാപവും ഗോത്ര മേഖലയിൽ അൽഖയ്ദ തീവ്രവാദികളുമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന നിരന്തര ഏറ്റുമുട്ടലുകളും പാക്കിസ്ഥാനെ മൊത്തമായി അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിട്ടിരിക്കുന്നതായി അവിടെനിന്നുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അഴിമതിക്കുറ്റം ചുമത്തി ചീഫ് ജസ്റ്റിസിനെ പ്രസിഡണ്ട് പർവേസ് മുഷറഫ് പുറത്താക്കിയത് വൻകലാപത്തിന് കാരണമായി. വക്കീലന്മാർ കോടതി ബഹിഷ്ക്കരിക്കുകയും പൊതുജനങ്ങൾ പ്രതിഷേധവുമായി എത്തുകയും ചെയ്തു. കോടതി പരിസരത്ത് വൻ പോലീസ് സന്നാഹം തന്നെ ഏർപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. പുറത്താക്കിയ ചീഫ്ജസ്റ്റിസിനു പകരം ആക്ടിംഗ് ചീഫ് ജസ്റ്റിസായി റാണ ഭഗവൻദാസിനെ നിയമിച്ചത് അംഗീകരിക്കാൻ അഭിഭാഷകർ തയ്യാറായിട്ടില്ല.



ഇതോടൊപ്പം അഫ്ഘാനിസ്ഥാന്റെ അതിർത്തിയോട് ചേർന്നുള്ള ഗോത്ര വർഗ്ഗ മേഖലകളിൽ തീവ്രവാദികളും പട്ടാളവും തമ്മിലുള്ള ഏറ്റുമുട്ടലുകൾ പതിവായതും സർക്കാറിനെ വെട്ടിലാക്കിയിട്ടുണ്ട്. റോക്കറ്റുകളും മോർട്ടാറുകളും ഉപയോഗിച്ചുള്ള യുദ്ധം തന്നെയാണ് അവിടെ നടന്നുവരുന്നത്. ഇതിനു പുറമെയാണ് ഉരുൾപ്പൊട്ടലും മറ്റു പ്രകൃതി ക്ഷോഭങ്ങളും കൊണ്ടുണ്ടാകുന്ന ദുരിതങ്ങൾ. ദൈവം പാക്കിസ്ഥാനെ പരീക്ഷിക്കുകയാണോ എന്ന് തോന്നും വിധമാണ് അവിടുത്തെ അവസ്ഥയെന്ന് ബുദ്ധിജീവികൾ വിലയിരുത്തുന്നു. അമേരിക്കയുടെ കടുത്ത സമ്മർദ്ദവും പാക്ക് ഭരണ കൂടത്തെ ഉലയ്ക്കുന്നുണ്ട്.

*(1–ാം പേജിൽനിന്ന്)*

പോലീസായ സത്യൻ എടക്കാടാണ് ഈ പുതിയ വസ്തുതകൾ അവതരിപ്പിക്കുന്നത്. നീണ്ട നാളുകളായി നടത്തിയ ഗവേഷണങ്ങൾക്കൊടുവിലായാണ് സത്യൻ ഇത്തരം നിഗമനങ്ങളിലെത്തുന്നത്. ചരിത്ര പാഠപുസ്തകങ്ങളിലെ പല വിവരങ്ങളും കളവോ, അർദ്ധസത്യങ്ങളോ, കെട്ടുകഥകളോ ആണെന്ന് സത്യൻ രചിച്ച് കൈരളി ബുക്സ് പ്രസിദ്ധീകരിച്ച 'വാസ്കോ ഡ ഗാമയും ചരിത്രത്തിന്റെ കാണാപ്പുറങ്ങളും' എന്ന പുസ്തകത്തിൽ വിശദീകരിക്കുന്നുണ്ട്.

കാപ്പാട് കടൽത്തീരത്ത് കരയ്ക്കിറങ്ങിയത് ഗാമയുടെ കൂടെവന്ന ജാവോനുനസ് എന്ന തടവുകാരനും നിക്കോളസ് ഗോയൻഹോ എന്ന ദൂതനും മാത്രമായിരുന്നു. ഇതിൽ ജാവോ നൂനസ് എന്ന തടവുകാരന് അറബിയും, ഹിബ്രുവും അറിയാമായിരുന്നു. അക്കാലത്ത് കോഴിക്കോട് ഭാഗങ്ങളിൽ താമസിച്ചിരുന്ന അറബികളുടെ വീടുകളിൽ (അറബികൾ 'മൂറുകൾ' എന്നായിരുന്നു അറിയപ്പെട്ടിരുന്നത്) പോയി കരയിലെ വിവരങ്ങൾ ശേഖരിച്ചു. അതിനു ശേഷമാണ് നിക്കോളസ് ഗോയൻഹോ എന്ന ദൂതനെ സാമൂതിരിയുടെ കൊട്ടാരത്തിലേക്ക് അയക്കുന്നത്. ഇത്തരം വിവരങ്ങൾ മുന്നേതന്നെ ചില ചരിത്രപുസ്തകങ്ങളിൽ ഇടം പിടിച്ചിരുന്നുവെങ്കിലും അക്കാദമികമായി കാപ്പാട് വാസ്കോഡഗാമ ഇറങ്ങിയെന്ന് ചിത്രീകരിക്കപ്പെടുകയായിരുന്നു.

ഇതിന് പുറമേ ഗാമയും ഇതര പോർച്ചുഗീസ് അധിനിവേശക്കാരും കാണിച്ച ക്രൂരകൃത്യങ്ങളും ഈ പുസ്തകത്തിൽ പരാമർശിക്കപ്പെടുന്നു. 1500 ഡിസംബർ മാസത്തിൽ കോഴിക്കോട് പട്ടണത്തിൽ പോർച്ചുഗീസുകാർ ആക്രമണം നടത്തിയപ്പോൾ 600 പട്ടണവാസികളെയാണ് കൊലപ്പെടുത്തിയത്. 1502 –ൽ ഗാമയുടെ രണ്ടാം വരവിൽ, പുതിയങ്ങാടി (കണ്ണൂരിൽ ഏഴിമലയ്ക്കടുത്ത്)ക്കടുത്തുവെച്ച് ഒരു കപ്പൽ തകർത്ത് ഹജ്ജ് ചെയ്ത് മടങ്ങുകയായിരുന്ന 700 പേരുള്ള ഒരു

*(ശേഷം 4–ാം പേജിൽ)*

*(2–ാം പേജിൽ നിന്ന്)*

വിളിച്ചുപറയുന്നുണ്ടെങ്കിൽ, അത് ഈ ലോകത്തിന് കാരുണ്യമായ നബിയുടെ നാമമാണ്. ഇവിടെയൊക്കെയുള്ള നിരർത്ഥകമായ ആക്ഷേപങ്ങൾ ഉന്നയിക്കുന്നവരെക്കുറിച്ചും ചീത്ത പറയുന്നവരെക്കുറിച്ചുമുള്ള സഹാനുഭൂതിയാൽ ആ മഹാത്മാവിന്റെ ഹൃദയം നിറഞ്ഞിരുന്നു.

ഖുർആന്റെ കല്പനകളിലേക്ക് നോക്കുമ്പോൾ പകുതി ഖുർആൻ പറിച്ചു മാറ്റണമെന്ന് ഇയാൾ പറയുന്നു. നീതിയോടുകൂടി ആരെങ്കിലും അയാളോടു ചോദിക്കട്ടെ, താങ്കൾ മതമില്ലാത്തയാളാണ്. പക്ഷേ, ഏതൊരു മതത്തെ താങ്കൾ ഇസ്‌ലാമിനേക്കാൾ ശ്രേഷ്ഠമായിക്കരുതുന്നുവോ അവരുടെ അദ്ധ്യാപനങ്ങളും വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളും താരതമ്യം ചെയ്തുനോക്കുക. ഏകപക്ഷീയത ഒഴിവാക്കി വിശുദ്ധഖുർആൻ പാരായണം ചെയ്യുക. എന്നിട്ടും മനസ്സിലാകുന്നില്ലെങ്കിൽ ഞങ്ങളിൽനിന്ന് മനസ്സിലാക്കുക. അജ്ഞരായ ആളുകൾക്ക് ഈ പരിശുദ്ധവചനം മനസ്സിലാകുകയില്ല. വിശുദ്ധഖുർആൻ പറയുന്നത്, ആദ്യം നിങ്ങളുടെ മനസ്സും ബുദ്ധിയും പരിശുദ്ധമാക്കുക എന്നാണ്. എങ്കിൽ മാത്രമേ ഈ പരിശുദ്ധവചനം മനസ്സിലാകുകയുള്ളൂ. ഇല്ലെങ്കിൽ നിങ്ങളെപ്പോലുള്ള 'ജാഹിൽ' മുമ്പേയും കഴിഞ്ഞുകടന്നിട്ടുണ്ട്. അയാളും ആക്ഷേപം ഉന്നയിച്ചുകൊണ്ട് കടന്നുപോയതാണ്. അയാളും ബുദ്ധിയുടെ പിതാവെന്ന് അവകാശപ്പെട്ടയാളാണ്. ഖുർആൻ മനസ്സിലാക്കാത്ത കാരണത്താൽ അയാളുടെ പേര് അബൂജഹ്ൽ എന്നായി. ലോകദൃഷ്ടിയിൽ ബുദ്ധിയില്ലാത്തവരായിരുന്ന കർഷകരും കൂലിപ്പണിക്കാരുമായവർ ഈ ഖുർആൻ മനസ്സിലാക്കിയ കാരണത്താൽ ജ്ഞാനികൾ എന്നറിയപ്പെട്ടു. അതുകൊണ്ട് നിങ്ങൾ നിങ്ങളെ ന്യായപൂർത്തിയ്ക്കുവേണ്ടി ഈ കൃപയും കരുണയുമുള്ള നബിയുടെ പേരിൽ മനസ്സിലാക്കിത്തരികയാണ്, ആ മഹാത്മാവ് നിങ്ങളെപ്പോലുള്ള ആളുകളേയും തീയുടെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുത്തുന്നതിനായി വിഷമിച്ചിരുന്നു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ചിന്തിച്ചും ശ്രദ്ധയോടുംകൂടി വായിക്കുക. നോക്കുക, മാറ്റുരച്ചുനോക്കുക, മനസ്സിലാക്കുക. മനസ്സിലാകുന്നില്ലെങ്കിൽ ഞങ്ങളോട് ചോദിക്കുക. അത്തരക്കാർക്കുവേണ്ടി അല്ലാഹു തയ്യാറാക്കിവെച്ചിരിക്കുന്ന ആ വേദനാജനകമായ ശിക്ഷയിൽനിന്നും നിങ്ങളെ സ്വയം രക്ഷിക്കുക. അതിരുകൾ ലംഘിക്കുന്നവർക്ക് ഇത് വിധിക്കപ്പെട്ടതാണ്. നിന്ദ്യമായി സംസാരിക്കുന്ന ഇത്തരക്കാർ കാര്യങ്ങൾ മനസ്സിലാക്കുന്നവരായിത്തീരാൻ ദൈവം അവരെ അനുഗ്രഹിക്കുമാറാകട്ടെ. പക്ഷേ, അഹ്മദികൾക്കും വലിയ ഉത്തരവാദിത്തമുണ്ടെന്ന കാര്യം ഓർമ്മിക്കുക. കൃപയും കരുണയുമുള്ള ഈ നബിയുടെ മനോഹരമായ ഓരോ നിമിഷത്തിന്റേയും ചിത്രം ഈ ജനതയ്ക്ക് എത്തിച്ചുകൊടുക്കേണ്ടത് അവരാണ്. കൃപയും കരുണയുമുള്ള ആളാണെന്ന് അല്ലാഹു പറഞ്ഞ ഈ നബി ഭീകരവാദം പഠിപ്പിക്കുന്നുവെന്ന് ഇവർ പറയുന്നു. ഇസ്‌ലാമിക യുദ്ധങ്ങളിൽ സ്ത്രീകളോടും കുട്ടികളോടും എന്തുമാത്രം ഔദാര്യത്തോടും ലാളിത്യത്തോടും ദയയോടുംകൂടി പെരുമാറാനാണ് ഇസ്‌ലാം പറഞ്ഞതെന്ന് അവർക്ക് നിങ്ങൾ പറഞ്ഞുകൊടുക്കുക. യുദ്ധത്തടവുകാരോട് ഏതുരീതിയിൽ പെരുമാറാനാണ് അത് പഠിപ്പിക്കുന്നതെന്ന് അവർക്ക് കാണിച്ചുകൊടുക്കുക. സ്വയം ബുദ്ധി

*(ശേഷം 5–ാം പേജിൽ)*

# ദൈവസ്നേഹം ഹൃദയത്തിലുണ്ടാക്കുക: ഡോ. ഫാഫിസ് സാലിഹ് അലാദ്ദീൻ സാഹിബ്



**കാക്കനാട്, ഫെബ്രുവരി 19:** ഹൃദയത്തിൽ അല്ലാഹുവിനോടുള്ള സ്നേഹം അങ്കുരിപ്പിക്കണമെന്നും അതിനുള്ള ശരിയായ മാർഗ്ഗം നമസ്കാരമാണെന്നും ഡോ. ഫാഫിസ് സാലിഹ് അലാദ്ദീൻ സാഹിബ് പറഞ്ഞു. വാഴക്കാല മസ്ജിദ് ബൈത്തു ത്വാഹിറിൽ സംഘടിപ്പിച്ച മേഖല തർബിയ്യത്ത് യോഗത്തിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. എറണാകുളം മേഖല അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. മൗലവി എം. നാസിർ അഹ്മദ് സാഹിബ് അലാദ്ദീൻ സാഹിബിന്റെ പ്രസംഗം പരിഭാഷപ്പെടുത്തി. പള്ളുരുത്തി, കൊച്ചി, എറണാകുളം, ഐരാപുരം, മൂവാറ്റുപുഴ എന്നീ ജമാഅത്തുകളിൽനിന്നുള്ള അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു.

അൽ ഹഖ്
AHMADIYYA NEWS BULLETTIN
മാർച്ച് 2007 റബ്ബീയുൽ അവ്വൽ

## പാക്കിസ്ഥാൻ ദൈവശിക്ഷ ഇരന്നുവാങ്ങുന്നു

**ഈ** കഴിഞ്ഞദിവസം പാക്കിസ്ഥാനിൽ ഒരു അഹ്മദികൂടി ശഹീദാക്കപ്പെട്ടിരിക്കുന്നു. (ഇന്നാലില്ലാഹി വ ഇന്നാഇലയ്ഹി റാജിഊൻ) പ്രഭാതഭക്ഷണം കഴിച്ചുകൊണ്ടിരുന്ന ഒരു അഹ്മദിയെയാണ് 'അവിശ്വാസി' എന്ന് മുദ്രകുത്തി തോക്കിന്നിരയാക്കിയത്. 2005 ഒക്ടോബറിൽ നോമ്പനുഷ്ഠിച്ച് സുബഹി നമസ്കാരം നിർവ്വഹിച്ചുകൊണ്ടിരിക്കുകയായിരുന്നവരെ പള്ളിയിൽചെന്ന് വിവേചനരഹിതമായി വെടിവെച്ചുകൊന്ന മോംഗ് എന്ന പ്രദേശം ഉൾക്കൊള്ളുന്ന ജില്ലയിൽ തന്നെയാണ് ഇപ്പോൾ ഒരാളെ ശഹീദാക്കപ്പെട്ടിരിക്കുന്നതും. 2005-ൽ 8 പേർ ശഹീദാക്കപ്പെട്ടതിനുശേഷം പാക്കിസ്ഥാന് അല്ലാഹുവിൽനിന്ന് ലഭിച്ച ശിക്ഷ നാം കണ്ടതാണ്. ഗ്രാമങ്ങൾതന്നെ അടിമേൽമറിച്ച ഭൂകമ്പം എത്ര പേരെ മരണത്തിലേക്ക് കൊണ്ടുപോയി? എത്രപേർ ഭവനരഹിതരും നിരാലംബരുമായി ദുരിതത്തിന്റെ നടുക്കടലിലെത്തി? എന്നിട്ടും ഇവർ അല്ലാഹുവിന്റെ പ്രൗഢിയെ മനസ്സിലാക്കുന്നില്ല.

നബി(സ) തിരുമേനിയുടെ കാലഘട്ടത്തിൽ മക്കയിൽ അമുസ്ലിംകൾ മുസ്ലിംകളോട് കാണിച്ച രീതിയിലുള്ള ക്രൂരതകളാണ് ഇവർ മസീഹിന്റെ അനുയായികളോട് കാണിച്ചുകൊണ്ടിരിക്കുന്നത്. നബി(സ)യുടെ കാലത്ത് മുസ്ലിംകളുടെ ജനാസ യോടുപോലും അക്രമികൾ അനീതി കാണിച്ചിരുന്നു. ഇവിടെയും അതുതന്നെയാണ് സംഭവിക്കുന്നത്. അശ്റഫ് സാഹിബിന്റെ ജനാസ മറയടക്കുന്നതിൽ പങ്കെടുക്കാൻ അദ്ദേഹത്തിന്റെ ഭാര്യയേയും മകളേയും തീവ്രവാദികൾ അനുവദിച്ചില്ല. ചരിത്രം ഇവിടെ ആവർത്തിക്കുമ്പോൾ ദൈവം അടങ്ങിയിരിക്കുമോ? ഒരിക്കലുമില്ല.

പാക്കിസ്ഥാനിൽ ഇന്ന് അരക്ഷിതാവസ്ഥയാണ്. ഭീകരവാദികളും ഗ്രാമീണരും തമ്മിൽ ഏറ്റുമുട്ടുന്നു. ഗോത്രങ്ങൾ തമ്മിൽ യുദ്ധം ചെയ്യുന്നു. സേനയും ഭീകരന്മാരും ഏറ്റുമുട്ടുന്നു. പ്രകൃതിക്ഷോഭങ്ങൾ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതിൽ ജീവൻ നഷ്ടപ്പെടുന്നവരെത്ര? ഭരണകൂടത്തിന് ജനങ്ങളുടെ ക്ഷേമം നോക്കാൻ സമയമില്ല. പടർന്നുപിടിച്ച അരക്ഷിതാവസ്ഥ എങ്ങനെ ഇല്ലാതാക്കാം എന്ന് തലപുകഞ്ഞാലോചിക്കുകയാണവർ. എല്ലാ രംഗങ്ങളിലും നാണക്കേടിലേക്കാണവരുടെ പോക്ക്. പാശ്ചാത്യശക്തികളുടെ സമ്മർദ്ദം കാരണം സ്വതന്ത്രമായി പാക്കിസ്ഥാനെ മുന്നോട്ടുനയിക്കാനവർക്കാവുന്നില്ല. പാക്കിസ്ഥാനിൽ മാത്രമല്ല, അഹ്മദികളുടെ നേർക്ക് അതിക്രമം കാണിക്കുന്ന ബംഗ്ലാദേശിലും, ഇന്തോനേഷ്യയിലും ഇതു തന്നെയാണവസ്ഥ. വാഗ്ദത്ത മസീഹിന്റെ ശാപമേറ്റുവാങ്ങിയ അഫ്ഘാന്റെ അവസ്ഥ നമ്മുടെ മുന്നിലുണ്ട്. എന്തെന്തെല്ലാം സമാധാനശ്രമങ്ങൾ അഫ്ഘാനിലുണ്ടായി. ലോകരാഷ്ട്രങ്ങൾതന്നെ അതിനുവേണ്ടി ശ്രമിച്ചില്ലേ? പക്ഷേ, സമാധാനം അവിടെ ഇന്നും മരീചികയാണ്.

ഈ അവസ്ഥയിൽനിന്ന് കരകയറാൻ ഒരു മാർഗ്ഗം മാത്രമേയുള്ളൂ. സത്യം തിരിച്ചറിയുക. ഖുർആൻ ഉദ്ഘോഷിച്ച രീതിയിൽ ചിന്തിക്കുക. എങ്കിൽ ഇക്കൂട്ടർക്ക് കാലത്തിന്റെ ഇമാമിനെ തിരിച്ചറിയാനാകും. അത് സംഭവിച്ചാൽ സമാധാനം താനെ വരുന്നതാണ്. അല്ലാഹു സമാധാനത്തിനുള്ള വഴിയൊരുക്കും. അതിന് ഇവർക്ക് സാധിക്കുമോ? ഇതേനിലയാണെങ്കിൽ ഭയങ്കരശിക്ഷ ഇവരെ കാത്തിരിക്കുന്നു. അതിൽനിന്ന് രക്ഷപ്പെടാൻ നമുക്ക് പ്രാർത്ഥിക്കാം.

# മാറ്റത്തിന്റെ വസന്തം; എക്സിബിഷൻ 2007

**ടി. ഷാജിർ അഹ്മദ്**

**കണ്ണൂർ:** ഫെബ്രുവരി 23 മുതൽ മാർച്ച് 10 വരെ കണ്ണൂർ പോലീസ് മൈതാനിയിൽ നടന്ന എക്സിബിഷൻ അൽ-ഖുർആൻ ഇന്റർനാഷണൽ ഉജ്ജ്വലമായ ഒര



*എക്സിബിഷൻ അൽ-ഖുർആൻ പുറമെ നിന്നുള്ള ഒരു ദൃശ്യം*

നുഭവമായി മാറി. നിശബ്ദവും എന്നാൽ ദൃഢവുമായ ചലനം സൃഷ്ടിക്കാൻ പോന്നതായിരുന്നു എക്സിബിഷന്റെ സംവേദനത്വം. കണ്ണൂരിൽ പ്രതീക്ഷിച്ചതിലേറെ വിജയമായിത്തീർന്ന ഈ പ്രദർശനം മാനസാന്തരപ്പെടുത്താനുള്ള ദൈവികമായ ഉപാധിയാണ്.

ഫെബ്രുവരി 23-ന് അസർ നമസ്കാരാനന്തരം മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബ് ദുആ ചെയ്ത എക്സിബിഷൻ സാർവ്വത്രിക സാഹോദര്യത്തിന്റെ മാതൃകയായിത്തീർന്നു. ആദ്യകാലങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് നടത്തിവന്നിരുന്ന എക്സിബിഷനുകളിൽ ഉപയോഗപ്പെടുത്തിയ ബോർഡുകൾ മാറ്റി പകരം ആധുനിക സാങ്കേതിക വിദ്യയാൽ രൂപപ്പെടുത്തിയ ഫ്ളക്സ് ബോർഡുകൾ ആണ് ഉപയോഗിച്ചത്. ഏറെ ആകർഷണീയമായിരുന്നു ഈ ബോർഡുകൾ. പശ്ചാത്തലദൃശ്യങ്ങളുടെ സാന്ദർഭികത ഈ ബോർഡുകളുടെ ദൃശ്യപ്പൊലിമ വർദ്ധിപ്പിക്കുന്നുണ്ട്. ഇവയുടെ നിർമ്മിതിക്ക് പിറകിലെ ധൈഷണികശക്തിക്ക് നേതൃത്വം നൽകിയത് ജനാബ് ഏ.എം. സലിം സാഹിബ് ആയിരുന്നു. അദ്ദേഹം ഇങ്ങനെ പറയുന്നു: "മറ്റെല്ലാ മതങ്ങളും സൃഷ്ടിവാദത്തെ പ്രോത്സാഹിപ്പിക്കുന്ന രീതിയിലാണ് ശാസ്ത്രീയമായ കാര്യങ്ങളെ വീക്ഷിക്കുന്നത്. എന്നാൽ ഖലീഫത്തുൽ മസീഹ് റാബിഅ് ഈ വീക്ഷണകോണിനെ കണ്ഠിച്ചുകൊണ്ട് യുക്തിപരമായ രീതിയിൽ ഖുർആനിക വെളപാടുകളെ വ്യാഖ്യനിച്ചു. അവയെ ആധാരമാക്കിയാണ് എക്സിബിഷൻ ബോർഡുകൾ തയ്യാറാക്കിയത്." മുബല്ലിഗുമാരും ഇതര വിദഗ്ദ്ധരും ഇക്കാര്യത്തിൽ സലിം സാഹിബിനോടൊപ്പം വലിയ പങ്കുവഹിച്ചിട്ടുണ്ട്.


സാധാരണഗതിയിൽ അഹ്മദികളെ അവജ്ഞയോടെ കാണുന്ന വലിയൊരു വിഭാഗം ജനങ്ങളെ കണ്ണൂരിൽ കാണാം. എന്നാൽ, ഇക്കൂട്ടരുടെ സ്വഭാവത്തിൽ എക്സിബിഷൻ അൽ-ഖുർആൻ വലിയ മാറ്റങ്ങൾ വരുത്തി. എക്സിബിഷൻ കാണാനെത്തിയ കണ്ണൂർ മാട്ടൂലിലെ ബശീർ ഇങ്ങനെ അഭിപ്രായം രേഖപ്പെടുത്തി. "ഖാദിയാനികളെപറ്റി പല തെറ്റിദ്ധാരണകളും ഉണ്ടായിരുന്നു. പലരും പറഞ്ഞത് ഇക്കൂട്ടർ വ്യാജവാദികളാണെന്നാണ്. എന്നാൽ ഇപ്പോൾ തോന്നുന്നത്



*സജീവമായ ചർച്ചാവേദികളിലൊന്ന്*

ഇതാണ് യഥാർത്ഥ ഇസ്ലാം എന്നാണ്." 125-ൽ അധികം ബോർഡുകൾ പ്രദർശിപ്പിച്ചു. എക്സിബിഷനിൽ 55 ഓളം ഖുർആൻ പരിഭാഷകൾ ഉണ്ടായിരുന്നു. കൂടാതെ അഹ്മദിയ്യാ പ്രസിദ്ധീകരണങ്ങളും പ്രദർശിപ്പിക്കപ്പെട്ടു. പ്രൊജക്ടർ ഡിസ്പ്ലേ, എം.ടി.എ പ്രദർശനം എന്നിവയും ഉണ്ടായിരുന്നു. എക്സിബിഷനോടനുബന്ധിച്ച് നടത്തിയ ബുക്ക് സ്റ്റാൾ ചരിത്ര സംഭവമായി മാറി. ഏകദേശം 80,000-ൽ അധികം രൂപയുടെ പുസ്തകങ്ങൾ വിറ്റഴിക്കപ്പെട്ടു. ബുക്ക്സ്റ്റാൾ അനുഭവങ്ങളെപ്പറ്റി സ്റ്റാൾ മാനേജർ അബ്ദുർ റശീദ് സാഹിബ് പറയുന്നു. "പുസ്തകങ്ങൾ വാങ്ങിയവരുടെ എണ്ണവും, കൈമാറ്റം ചെയ്യപ്പെട്ട സന്ദേശങ്ങളും അവയുടെ മുഖവിലയേക്കാളും വിലമതിക്കേണ്ടവയാണ്."

ഞായറാഴ്ചകളിൽ വമ്പിച്ച ജനപ്രവാഹമായിരുന്നു കാണപ്പെട്ടത്. മുസ്ലിംകൾക്ക് പുറമേ ഇതര മതവിഭാഗങ്ങളിൽപ്പെട്ടവരും എക്സിബിഷൻ കാണാൻ കൂട്ടമായെത്തി. ശ്രദ്ധേയമായ അഭിപ്രായപ്രകടനങ്ങൾ നടത്തിയ കണ്ണൂർ ചെറുകുന്നിലെ മനോജ് 'ഇതൊരു വലിയ അത്ഭുതമായിരിക്കുന്നു. ഖുർആൻ ഇത്രയും ശാസ്ത്രീയവും സമാധാന സ്രോതസ്സുമാണെന്ന് ഇപ്പോഴാണറിഞ്ഞത്.''



*എക്സിബിഷൻ വീക്ഷിക്കാനെത്തിയ ജനങ്ങൾ*

ഏറെ ശ്രദ്ധിക്കപ്പെട്ടത് കൂട്ടായെത്തിയ മുസ്ലിം സ്ത്രീകളായിരുന്നു. അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾ സത്യവിശ്വാസത്തിനായി കാൽച്ചങ്ങലകൾ പൊട്ടിച്ചെറിയുന്നത് ഇവിടെ കണ്ടു. പുതിയങ്ങാടിയിൽ നിന്നെത്തിയ സലീന (അറബിക് കോളേജ് വിദ്യാർത്ഥിനി) പറയുന്നു. ''ആശയങ്ങളോട് വലിയ യോജിപ്പില്ല. എങ്കിലും എന്തോ നിങ്ങൾ പറയുന്നത് കാര്യമാണെന്ന് തോന്നിപ്പോകുന്നു."

സംവാദങ്ങളുടെ സജീവമായ രാപ്പകലുകളാണ് കടന്നുപോയത്. സംശയനി

*(ശേഷം 7-ാം പേജിൽ)*

*(3-ാം പേജിൽ നിന്ന്)*

മുസ്ലിം സംഘത്തെ ആക്രമിച്ച് 680 പേരെ ഒരുമിച്ച് കൊന്നു. ഇക്കൂട്ടത്തിൽ സ്ത്രീകളും കുട്ടികളും ഉൾപ്പെടുന്നു. 1502 ഒക്ടോബറിൽ കോഴിക്കോട് നഗരത്തിൽ ആക്രമണം നടത്തിയശേഷം കടലിൽവച്ച് അരി കയറ്റിവരുന്ന ഉരുക്കൾ വളഞ്ഞ്, അതിലുണ്ടായിരുന്ന 800 ഓളം ആളുകളുടെ മൂക്കും ചെവിയും കയ്യും മുറിച്ചുമാറ്റി. അവരുടെ കാലുകൾ കൂട്ടിക്കെട്ടി. കാലുകളിലെ കെട്ട് പല്ലുക ളുപയോഗിച്ച് അഴിക്കാതിരിക്കാൻ ഇരുമ്പ് ദണ്ഡുകൾകൊണ്ട് പല്ലുകൾ അടിച്ചുകൊഴിച്ചു. കൊഴിഞ്ഞ പല്ലുകൾ തുപ്പിക്കളയാതെ ഈ തടവുകാരോട് ഇറക്കിക്കളയാനാണ് ഗാമ ആവശ്യപ്പെട്ടത്.

ഈ സമയം സാമൂതിരിയുടെ ദൂതനായി കപ്പലിലെത്തിയ തലപ്പണ്ണ നമ്പൂതിരിയുടെ മൂക്കും, ചെവിയും മുറിച്ചെടുത്തു. പകരം നായയുടെ ചെവിയും, മൂക്കും വച്ചുകൊടുത്തു. കപ്പലിൽ ഉള്ളവരുടെ മൂക്കും, ചെവിയും, കൈകളും ചേർത്ത് മാലയാക്കി നമ്പൂതിരിയുടെ കഴുത്തിലിട്ടുകൊടുത്തു. ഇക്കാണുന്ന അവയവങ്ങൾകൊണ്ട് സാമൂതിരി കറിവച്ചു തിന്നണമെന്ന സന്ദേശവുമായി ഒരു ചെറുതോണിയിൽ നമ്പൂതിരിയെ തിരികെ സാമൂതിരിക്ക് അയച്ചുകൊടുത്തു. വാസ്കോഡഗാമയുടെ അക്രമകഥകൾ ഇനിയും ഒരുപാടുണ്ട്.

ഇത്തരം ക്രൂരതകളും മനുഷ്യമനസാക്ഷിയെ ഞെട്ടിക്കുന്ന നൃശംസനകളും സ്വായത്തമാക്കിയവരായിരുന്നു പോർച്ചുഗീസ് അധിനിവേശക്കാർ. കൂടാതെ ക്രിസ്ത്യൻ മതപ്രചരണം ഇവരുടെ മുഖ്യ അജണ്ടയായിരുന്നു. വാസ്കോഡഗാമയും അതിനുശേഷം വന്ന ഇതര പോർച്ചുഗീസ് നാവികരും ക്രിസ്തുമത പ്രചരണം കർശനമായ രീതിയിൽതന്നെ ഏറ്റെടുത്തിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, അധിനിവേശത്തിന്റെ ലക്ഷ്യം കച്ചവടം മാത്രമായിരുന്നില്ല. മറിച്ച്, മതപ്രചരണവും, രാഷ്ട്രീയ അധികാരവും ഇതിന്റെ ഭാഗം തന്നെയാണ്.

2005-ൽ 500 വർഷം പ്രായം തികഞ്ഞ കണ്ണൂർ സെന്റ് ആഞ്ചലോ കോട്ടയിലെ ടൂറിസം പോലീസായ സത്യൻ എടക്കാട് തന്റെ നാലര വർഷത്തെ സേവനത്തിനിടയിൽ നടത്തിയ നിരന്തരമായ ഗവേഷണസപര്യ ഉത്തരമലബാറിന്റെ മേലുള്ള വൈദേശി കാക്രമണങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. എങ്കിലും സത്യൻ വെളിച്ചത്ത് കൊണ്ടുവന്ന ചരിത്രസത്യങ്ങൾ അക്കാദമിക് ലോകം ശരിയായ അർത്ഥത്തിൽ പരിഗണിക്കുന്നില്ല. ചരിത്രപരമായി ഏറെ സങ്കീർണ്ണതകളുള്ള പല വസ്തുതകളും ഇപ്പോഴും ചർച്ചചെയ്യേണ്ടതായിട്ടുണ്ട്. പ്രസക്തമായ മറ്റൊരു കാര്യം ചരിത്രത്തിന്റെ പുനർവായന കാലഘട്ടത്തിന്റെ ആവശ്യമാണ് എന്നതു തന്നെയാണ്.

# പ്രകാശം പരത്തുന്ന ജീവിതങ്ങൾ

## (സഹാബിമാരുടെ ജീവിതാനുഭവങ്ങൾ)

### ഹദ്റത്ത് മിർസാ അയ്യൂബ് ബേഗ് സാഹിബ്(റ)

### 'സാത്വികനായ യുവാവ്'

**പി.കെ. വാഴക്കാല**

പ്രിയ യഅ്ഖൂബ് ബേഗ് സാഹിബ്

അസ്സലാമുഅലൈക്കും വ റഹ്മത്തുല്ലാഹി......

ഏത് സമയത്തും താങ്കളിൽ നിന്നും പ്രതീക്ഷിച്ചിരുന്ന കമ്പിസന്ദേശം ഇന്നലെ അസറിനുശേഷം ലഭ്യമായി. ഇന്നാലില്ലാഹി..... നന്മയിൽ പദമൂന്നിയ, തികഞ്ഞ സാത്വികനായ, യുവാവായ അയ്യൂബ് ബേഗിന്റെ വേർപാട് വലിയ വേദനയുളവാക്കി. അല്ലാഹു നിങ്ങൾക്കെല്ലാം ക്ഷമയും ഈ പ്രയാസത്തിന് തക്കതായ പ്രതിഫലവും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ. മർഹൂമിന്റെ വൃദ്ധനായ പിതാവിന്റേയും വിധവയുടേയും അവസ്ഥ എന്തായിരിക്കും. ക്ഷമ കൈക്കൊള്ളുവാനുള്ള തൗഫീഖിനായി നാം വീണ്ടും ദുആ ചെയ്യുന്നു. ഒരു സ്വാലിഹായ, ഔലിയാക്കളുടെ ഗുണങ്ങൾ സമ്മേളിച്ച ഈ യുവാവ് പൂർണ്ണവൃക്ഷമാകുന്നതിന് മുമ്പ് മുറിച്ച് മാറ്റപ്പെട്ടത് നമ്മിൽ വേദനയുളവാക്കി. അല്ലാഹു ദുഃഖാർത്തരുടെമേൽ കാരുണ്യത്തിന്റെ വൃഷ്ടി ചൊരിയുമാറാകട്ടെ. ഈ കുറിപ്പെഴുതുമ്പോൾ അദ്ദേഹത്തിന് നമ്മോടുണ്ടായിരുന്ന ബന്ധത്തെ, അതിന്റെ ആഴത്തെക്കുറിച്ച് ഞാനോർക്കുകയായിരുന്നു. അപ്പോൾ ഇപ്രകാരം വെളിപാടുണ്ടായി. "ഈ കവാടത്തിലൂടെ പ്രവേശിച്ചവൻ അനുഗൃഹീതൻ'' പരേതന്റെ മരണം സദ്‌വൃത്തനായിക്കൊണ്ടായിരുന്നു എന്നതിലേക്ക് ഇത് സൂചന നൽകുന്നു. അതുപോലെ ഇദ്ദേഹം ശയ്യാവലംബിയായി കിടക്കുമ്പോൾ, രോഗശമനത്തിനായി ഒരു പാട് ദുആ ചെയ്തപ്പോൾ സ്വപ്നത്തിൽ വെട്ടിത്തിളങ്ങുന്ന വെള്ളിക്കഷണങ്ങൾ പതിച്ച വഴിയിൽക്കൂടി ഒരാൾ പരേതനെ കൊണ്ടുപോകുന്നതായി കണ്ടു. ആ വഴിയാകട്ടെ നേരെ ആകാശവുമായി ബന്ധിതമായതായിരുന്നു. ഞാനീ സ്വപ്നം സഹോദരങ്ങളെ കേൾപ്പിച്ചിരുന്നു."

തന്റെ പ്രിയശിഷ്യന്റെ വേർപാടിൽ ദുഃഖാർത്തരായ കുടുംബാംഗങ്ങളെ സമാശ്വസിപ്പിച്ചുകൊണ്ട് ഹദ്റത്ത് അഹ്മദ്(അ) എഴുതിയ അനുശോചന കുറിപ്പിന്റെ ഒരു ഭാഗമാണ് മുകളിൽ കൊടുത്തത്. ഈ കുറിപ്പിൽ നിന്നും 26-ാമത്തെ വയസ്സിൽ പൊലിഞ്ഞ ഒരു മഹത്ജീവിതത്തിന്റെ ഏകദേശരൂപം നമുക്ക് ലഭ്യമാകുന്നു.

1875 ആഗസ്റ്റിൽ, പഞ്ചാബിലെ കലാനൂറിൽ ജനനം. 1892-ൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ദില്ലി മുബാഹലക്ക് ശേഷം കുറച്ചുനാൾ ലാഹോറിൽ കഴിച്ചുകൂട്ടിയിരുന്നു. നാനാഭാഗത്തും എതിർപ്പിന്റെ തിരമാല ആഞ്ഞടിച്ചുകൊണ്ടിരിക്കുകയായിരുന്നു. ലാഹോറാകട്ടെ അതിന്റെ പാരമ്യതയിലും. ഹുസൂറിന്നെതിരിൽ വൃത്തികെട്ട ആരോപണങ്ങളും പദപ്രയോഗങ്ങളുമാണ് നടത്തിയിരുന്നത്. ബയ്അത്ത് ചെയ്തവർക്കും കടുത്ത പീഡനങ്ങളാണ് നേരിടേണ്ടി വന്നത്. ഈ സന്ദർഭത്തിലാണ് ഫെബ്രുവരി 5-ാം തിയ്യതി മൂന്നുനാല് ദിവസത്തെ നിരീക്ഷണങ്ങൾക്കുശേഷം ഹുസൂറിന്റെ കൈയിൽ ബയ്അത്ത് ചെയ്യുന്നത്.

നമസ്കാരം വളരെ അപൂർവ്വമായി അനുഷ്ഠിച്ചിരുന്ന, നോമ്പിന്റെ സമീപത്ത് പോലും പോകാത്ത ഈ യുവാവ് ബയ്അത്തിനു ശേഷം ആത്മീയപടവുകൾ ദ്രുതഗതിയിൽ ഓടിക്കയറി. നന്മകളിൽ മുൻകടക്കാൻ അനിതരസാധാരണമായ ഉത്സുകതയായിരുന്നു. യുവാക്കളെന്നല്ല വൃദ്ധന്മാർ പോലും അസൂയാവഹമായ ദൃഷ്ടിയോടെ അദ്ദേഹത്തിന്റെ ആത്മീയദർജയെ നോക്കിക്കണ്ടു. ഹദ്റത്ത് മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബ്, ഹദ്റത്ത് ഗുലാം ഹുസൈൻ സാഹിബ് രാജകി തുടങ്ങിയ പ്രമുഖ സഹാബാക്കളെയെല്ലാം അയ്യൂബ് ബേഗ് സാഹിബ് വിസ്മയത്തിലാക്കിയിരുന്നു.

ബട്ടാല സ്റ്റേഷനിൽ രാത്രി വണ്ടിയിറങ്ങി. അധികവും നടന്ന് തന്നെ ഖാദിയാനിലെത്തിച്ചേരുകയും ഞായറാഴ്ച പകൽ മുഴുവൻ ഹുസൂറിന്റെ സവിധത്തിൽ കഴിച്ചുകൂട്ടി വൈകീട്ട് തിരിച്ചുപോകുകയുമായിരുന്നു. ലാഹോറിൽനിന്നും ഏതെങ്കിലും ഖാഫില (സംഘം) ഖാദിയാനിലേക്ക് യാത്ര തിരിച്ചാൽ അവരോടൊപ്പം കൂടുമായിരുന്നു. ബട്ടാലയിൽനിന്നും ഖാദിയാനിലേക്കുള്ള യാത്രയിൽ സാധനങ്ങൾ മാത്രമല്ല ചിലപ്പോഴൊക്കെ ക്ഷീണിതരായ സഹോദരങ്ങളെയും ചുമന്ന് നടക്കുമായിരുന്നു. രാത്രിയുടെ ഇരുട്ടോ, മഴമൂലമുള്ള ചെളിയോ അദ്ദേഹത്തിന്റെ ഇച്ഛാശക്തിയെ ദുർബലമാക്കിയിരുന്നില്ല. മഴക്കാലത്ത് പലപ്പോഴും വെള്ളത്തിൽ നീന്തിയായിരിക്കും ഖാദിയാനിലെത്തിച്ചേരുക. ഈ സമയമത്രയും സ്വലാത്തും ഇസ്തിഗ്ഫാറും ചൊല്ലിക്കൊണ്ടിരിക്കും. ഖാദിയാനിലെത്താറാകുമ്പോൾ അല്പം നിന്ന്, ഏതെങ്കിലും പ്രദേശത്ത് പ്രവേശിക്കുമ്പോൾ ചെയ്യുവാൻ

(ശേഷം 6-ാം പേജിൽ)

# എക്സിബിഷൻ ഹാളിൽ ഒരു പുസ്തക പ്രകാശനം



**കണ്ണൂർ, ഫെബ്രു 27:** വാഗ്ദത്ത മസീഹിന്റെ വാഗ്ദത്ത പുത്രനും ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫയുമായിരുന്ന ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ്(റ) രചിച്ച തിരുനബിചരിത്രം എന്ന ഗ്രന്ഥത്തിന്റെ മൂന്നാം പതിപ്പ് പ്രകാശനം ചെയ്യപ്പെട്ടു. കണ്ണൂർ പോലീസ് മൈതാനിയിൽ നടത്തിയ അൽഖുർആൻ എക്സിബിഷനോടനുബന്ധിച്ചാണ് പ്രകാശനകർമ്മം നടത്തപ്പെട്ടത്. എക്സിബിഷൻ ഹാളിൽ ഫെബ്രുവരി 27-ന് വൈകുന്നേരം 5 മണിക്ക് കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസ്‌ലർ പുസ്തകം പ്രകാശനം ചെയ്തു. പ്രൊഫ എം. മുഹമ്മദ് സാഹിബ് ഏറ്റുവാങ്ങി. ചടങ്ങിൽ കണ്ണൂർ മേഖലാ അൻസാറുല്ല സഈം യു. മൻസൂർ അഹ്മദ് സാഹിബ് അധ്യക്ഷനായിരുന്നു. മുഖ്യാതിഥിക്കുള്ള ഉപഹാരം കണ്ണൂർ മേഖലാ അഹ്മദിയ്യാ മുസ്‌ലിം അമീർ എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് നൽകി. മൗലവി ശഫീഖ് അഹ്മദ് സാഹിബ് ഖുർആൻ പാരായണം നടത്തി. പബ്ലിക്കേഷൻ വിഭാഗം കേരള സദ്ർ പ്രൊഫ. ബി. മഹ്മൂദഹ്മദ് സാഹിബ് സ്വാഗതം പറഞ്ഞു. മർഹൂം എൻ. അബ്ദുർറഹീം സാഹിബ് പരിഭാഷപ്പെടുത്തിയതാണ് 'തിരുനബിചരിത്രം' എന്ന ഗ്രന്ഥം.

# തർബിയ്യത്ത് യോഗം

**മാത്തോട്ടം, ഫെബ്രുവരി:** മാത്തോട്ടം മജ്‌ലിസ് ഖുദ്ദാം അത്ഫാൽ സംയുക്ത ഇജ്തിമായോടനുബന്ധിച്ച് കുടുംബയോഗം സംഘടിപ്പിക്കുകയും തർബിയ്യത്ത് ക്ലാസ് നൽകുകയും ചെയ്തു. ഖുദ്ദാം അത്ഫാൽ സഹോദരങ്ങൾക്ക് പുറമെ ലജ്ന, അൻസാർ സഹോദരങ്ങളും ഈ യോഗത്തിൽ പങ്കെടുക്കുകയുണ്ടായി. 'ഇസ്‌ലാമിലെ ഐച്ഛിക കർമ്മങ്ങൾ' എന്ന വിഷയത്തെ സംബന്ധിച്ച് മൗലവി ഗുലാം അഹ്മദ് ഇസ്മായീൽ സാഹിബ് ക്ലാസ്സെടുത്തു. ഇസ്‌ലാമിലെ അടിസ്ഥാന കർമ്മങ്ങളെ കുറിച്ചും, അതോടനുബന്ധിച്ചുള്ള ഐച്ഛിക കർമ്മങ്ങളെകുറിച്ചും അദ്ദേഹം ക്ലാസ്സെടുത്തു. ഐച്ഛികമായി അനുഷ്ഠിക്കാൻ ഇസ്‌ലാം ആഹ്വാനം ചെയ്ത വിവിധ നമസ്കാരങ്ങൾ ഏതൊക്കെയാണെന്നും അദ്ദേഹം വിശദീകരിക്കുകയുണ്ടായി. മാത്തോട്ടം ഖാഇദ് ബി.എം. ശൗക്കത്തലി സാഹിബ് അധ്യക്ഷനായിരുന്നു. ആശിർ സാഹിബ് ഖുർആൻ പാരായണം നടത്തി. മുഹ്സിൻ അഹ്മദ് സാഹിബ് പദ്യം ചൊല്ലി.

'വിശ്വാസികളാം നമ്മുടെ ലക്ഷ്യം വിശ്വത്തിൻ സൽക്കർമ്മങ്ങൾ'

## ഖുദ്ദാമുൽ അഹ്മദിയ്യാ അത്ഫാലുൽ അഹ്മദിയ്യാ സംസ്ഥാന ഇജ്തിമാഅ് 2007

**നിലമ്പൂർ ഗ്രീൻ ആർട്ടിൽ**

**ഏപ്രിൽ 27, 28, 29 വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ**

**അഖിലേന്ത്യാ സദ്ർ മുഹമ്മദ് ഇസ്മായീൽ സാഹിബ് താഹിർ സംബന്ധിക്കുന്നു**

**ഉദ്ഘാടനം: മൗലാനാ മുഹമ്മദ് ഉമർ സാഹിബ്**

*വിവിധ വൈജ്ഞാനിക മത്സരങ്ങൾ, തർബിയ്യത്ത് ക്ലാസ്സുകൾ, കായിക മത്സരങ്ങൾ*

**മുഴുവൻ ഖാദിമീങ്ങളും അത്ഫാലുകളും പങ്കെടുക്കുക**

*ടി.കെ. അബൂബക്കർ*
*സൗത്ത് ഇലാഖ ഖായിദ്*
*ചെയർമാൻ*

*ഡോ. സലാഹുദ്ദീൻ*
*നോർത്ത് ഇലാഖ ഖാഇദ്*
*കൺവീനർ*

(3-ാം പേജിൽനിന്ന്)

മുട്ടുകളിൽ തങ്ങളെ അകപ്പെടുത്തിക്കൊണ്ട് അവർ യുദ്ധത്തടവുകാരോട് ദയ കാണിച്ചു. മുസ്‌ലിംകളെ കൊന്നൊടുക്കുന്നതിനുവേണ്ടിയായിരുന്നു അവർ യുദ്ധം ചെയ്തിരുന്നതെന്ന കാര്യം മറക്കാൻ പാടില്ല. അത്തരക്കാരോട് എങ്ങനെയാണ് മുസ്‌ലിംകൾ ദയയോടു പെരുമാറിയതെന്ന് നോക്കുക. അവർ സ്വയം പട്ടിണി കിടക്കുകയും ഉണക്കറൊട്ടി തിന്നുകയും ചെയ്തിട്ട് ആ തടവുകാർക്ക് നല്ല ഭക്ഷണം നൽകി. ആ കരുണാർദ്രനായ നബിയുടെമേലാണ് ഇന്നിവർ ആക്ഷേപം ഉന്നയിക്കുന്നത്.

ജപ്പാനിലെ രണ്ട് പട്ടണങ്ങളിൽ ആറ്റംബോംബിട്ടുകൊണ്ട് അവിടുത്തെ മുഴുവൻ ജനാവലിയേയും ഭസ്മമാക്കിയതാരാണ്? കുട്ടികളും സ്ത്രീകളും രോഗികളുമെല്ലാം മരിച്ചുകൂമ്പാരമായില്ലേ? എന്നല്ല രക്ഷപ്പെട്ടവർപോലും ആ വിപത്തിന്റെ ബാധയേറ്റ് വർഷങ്ങളോളം എന്നല്ല ഇന്നുവരെ ഒരുപാട് രോഗങ്ങളിൽ അകപ്പെട്ടു കഴിയുന്നില്ലേ? ജനിക്കുന്ന കുട്ടികൾപോലും വികലാംഗരല്ലേ? ഇതാണോ നിങ്ങളുടെ ഉന്നതമായ ധാർമ്മികത? ഇതിന് നേതൃത്വം കൊടുക്കുന്നവരെ ഇക്കൂട്ടർ സമാധാനദൂതന്മാരെന്ന് പറയുന്നു. സമാധാനം സ്ഥാപിച്ചവരെന്ന് പറയുന്നു. ഇറാഖിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്നതെന്താണ്? അതിനിവർ എന്തു പേരാണ് പറയുന്നത്? നിങ്ങളോർമ്മിച്ചുകൊള്ളുക, ഈ എല്ലാ അതിക്രമങ്ങളുണ്ടായിട്ടും ഇസ്‌ലാമിന്റെ ദൈവം, അവനാണ് തന്റെ പ്രിയപ്പെട്ട നബി- അദ്ദേഹം എല്ലാവരോടും കൃപയും കരുണയുമുള്ളയാളാണ്-യുടെമേൽ ഇറക്കിയ അധ്യാപനം അത് ഖുർആന്റെ രൂപത്തിൽ നമ്മുടെ മുമ്പിലുണ്ട്. മനസ്സിലാക്കുന്നവർക്ക് ആ അധ്യാപനങ്ങളുടെ മനോഹാരിത മനസ്സിലാക്കാവുന്നതേയുള്ളൂ.

ഇവിടെ ഞാൻ വിശദമായി അതിനെക്കുറിച്ച് സംസാരിക്കുന്നില്ല. ഒരുവചനം ഞാൻ ഓതിക്കേൾപ്പിക്കാം. അല്ലാഹു പറയുന്നു

എന്നാൽ പശ്ചാത്തപിച്ച് മടങ്ങുകയും വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരൊഴികെ. അല്ലാഹു അവരുടെ തിന്മകളെ നന്മകളാക്കി മാറ്റിക്കൊടുക്കുന്നതാണ്. അല്ലാഹു ഒരുപാട് കൊടുക്കുന്നവനും നിരന്തരം കരുണ ചെയ്യുന്നവനുമാണ്.

ഈ കല്പനയുടെ വെളിച്ചത്തിൽ ഇവർ തങ്ങളിലേക്ക് നോക്കേണ്ടതാണ്. മുസ്‌ലിംകളുടെ, ഹൃദയം കുത്തിനോവിക്കുന്നതിനു പകരം സ്വന്തം പാപങ്ങൾ മാപ്പാക്കാൻ ദൈവത്തോട് പൊറുക്കലിനെ തേടേണ്ടതാണ്. നിങ്ങളിൽ എത്ര നന്മയുണ്ടെന്ന് സ്വയം നോക്കുക. അല്ലാഹുവിന്റെ പ്രിയപ്പെട്ടവരെ നിന്ദിക്കുന്നതിനു പകരം സ്വന്തം ഉള്ളിലേക്ക് എത്തിനോക്കുക.

ഇന്ന് പാശ്ചാത്യദേശത്ത് ഒരുപാട് തിന്മകൾ പരന്നിരിക്കുകയാണ്. സ്വന്തം കോളറിലേക്ക് തിരിഞ്ഞുനോക്കാത്ത കാരണത്താലാണ് അതെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങളുടെ വീടുകളിലെ സമാധാനവും ശാന്തിയും നശിച്ചത് നിങ്ങൾക്ക് അവസരം തന്നിട്ടും ദൈവത്തിന്റെ മുമ്പിൽ പശ്ചാത്തപിച്ച് മടങ്ങാത്ത കാരണത്താലാണ്.

ഇനിയെങ്കിലും നിങ്ങളുടെ ദൈവത്തെ തിരിച്ചറിയുക. അവന്റെ പ്രിയദാസനെ കുറിച്ച് അനാവശ്യം പറയുന്നതിൽനിന്ന് പിന്മാറുക. കരുണാമയനായ ദൈവത്തെ വിളിക്കുക; അവൻ നിങ്ങൾക്ക് പൊറുത്തുതരാൻ.

അഹ്മദികളോട് ഞാൻ വീണ്ടും പറയുകയാണ്. നിങ്ങളിൽ ഇസ്‌ലാമികാദ്ധ്യാപനം നടപ്പിൽ വരുത്തിക്കൊണ്ട് ഈ ബുദ്ധിക്ക് അന്ധത ബാധിച്ചവർക്ക് ഇല്ലെങ്കിൽ കുറഞ്ഞപക്ഷം അവർക്ക് വിധേയരാകുന്നവർക്ക്, ദൈവത്തെ ആക്ഷേപിക്കുന്നതിന് പ്രാധാന്യം നൽകാത്തവർക്ക് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുക. നിങ്ങൾ പിന്മാറുന്നില്ലെങ്കിൽ നിങ്ങൾക്കോ നിങ്ങളുടെ നാടിനോ രക്ഷയില്ലെന്ന് അവരോട് പറയുക.

(ശേഷം8-ാം പേജിൽ)

## ഖുർആൻ

"എന്റെ ദാസരോട് പറയുക, അവർ ഏറ്റവും ഉത്തമമായത് പറയട്ടെ. തീർച്ചയായും പിശാച് അവർക്കിടയിൽ കുഴപ്പം സൃഷ്ടിക്കും. നിശ്ചയമായും പിശാച് മനുഷ്യന്റെ പ്രത്യക്ഷ ശത്രുവാകുന്നു." (17:54)

## നബിവചനം

"ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് ആ അല്ലാഹുവാണെ സത്യം. നിങ്ങൾ ജനങ്ങളെ നന്മ ചെയ്യാൻ പ്രേരിപ്പിക്കുകയും തിന്മ ചെയ്യുന്നതിൽനിന്നും അവരെ തടയുകയും ചെയ്യുക. അല്ലാത്തപക്ഷം നിങ്ങളുടെമേൽ അല്ലാഹുവിൽനിന്നും ശിക്ഷയിറങ്ങുവാൻ സാധ്യതയുണ്ട്. പിന്നെ വൈകിയവേളയിൽ നിങ്ങൾ താണുകേണപേക്ഷിച്ചാലും അത് സ്വീകരിക്കപ്പെട്ടില്ലെന്നു വരാം." ***(തിർമിദി)***

## യുഗശബ്ദം



**അ**ല്ലയോ ലോകരെ, ഭൂമിയേയും ആകാശത്തേയും സൃഷ്ടിച്ച അല്ലാഹുവിന്റെ പ്രവചനമത്രെ ഇത്. അവൻ തന്റെ ഈ ജമാഅത്തിനെ എല്ലാ രാജ്യങ്ങളിലും പരത്തും. ദൃഷ്ടാന്തങ്ങളാലും ന്യായവാദങ്ങളാലും എല്ലാവരുടേയും മേൽ അവർക്ക് വിജയം നൽകും. ആ നാളുകൾ ഇതാ വരുന്നു. അല്ലാ അതു വളരെ അടുത്തെത്തിയിരിക്കുന്നു. ബഹുമാനപൂർവ്വം സ്മരിക്കപ്പെടുന്ന ഒരേയൊരു മതപ്രസ്ഥാനം ഇതുമാത്രമായിരിക്കും. അല്ലാഹു ഈ പ്രസ്ഥാനത്തിനു അത്യുന്നതമായ സ്ഥാനവും അനുഗ്രങ്ങളും നൽകും. ഇതിനെ നശിപ്പിക്കാൻ ആലോചിച്ചുകൊണ്ടിരിക്കുന്ന ഓരോരുത്തനേയും പരാജിതനും നിരാശനുമാക്കും. ഈ വിജയം ഖിയാമത്ത്‌വരെ നീണ്ടുനിൽക്കുന്നതായിരിക്കും. അവർ എന്നെ നോക്കി പരിഹസിക്കുന്നു. അവരുടെ പരിഹാസം യാതൊരു ദ്രോഹവും ഉണ്ടാക്കില്ല. എന്തെന്നാൽ, പരിഹസിക്കപ്പെടാത്ത ഒരു പ്രവാചകനും വന്നിട്ടില്ല. ആകയാൽ, വാഗ്ദത്ത മസീഹും പരിഹസിക്കപ്പെടേണ്ടതു തന്നെയാണല്ലോ. അല്ലാഹു പറയുന്നു. "അഹോ കഷ്ടം! പരിഹസിക്കപ്പെടാത്ത ഒരു പ്രവാചകനും അവരുടെ അടുക്കൽ വരുന്നില്ല" (36:31). ആകയാൽ ഇത് ഒരുവിധത്തിൽ ഒരു അടയാളമാകുന്നു. എല്ലാ പ്രവാചകന്മാരും പരിഹസിക്കപ്പെട്ടിട്ടുണ്ട്. ആകാശത്തുനിന്ന് ദൈവദൂതന്മാരോടൊപ്പം ഇറങ്ങിവരുന്ന ആളെ ആരു പരിഹസിക്കാനാണ്? ആകയാൽ, മസീഹ് ആകാശത്തിൽനിന്നും ഇറങ്ങിവരുമെന്ന കഥ മിഥ്യയാണെന്ന് ഇതിൽ നിന്നുതന്നെ മനസ്സിലാക്കാമല്ലോ." (തദ്ക്കിറത്തുശ്ശഹാദത്തൈൻ)

"ദൈവം എന്നെ അടിക്കടി അറിയിച്ചിരിക്കുന്നു, അവൻ എനിക്ക് ഏറ്റവും ഉന്നതമായ സ്ഥാനം നൽകുമെന്നും എന്നോടുള്ള സ്നേഹം മനുഷ്യഹൃദയങ്ങളിൽ രൂഢമൂലമാക്കുമെന്നും എന്റെ പ്രസ്ഥാനത്തെ ലോകം മുഴുവനും പരത്തുമെന്നും എല്ലാ കക്ഷികളുടേയും മേൽ എന്റെ കക്ഷിക്ക് വിജയം നൽകുമെന്നും എന്റെ അനുയായികളെ സത്യത്തിന്റെ പ്രകാശത്തിലും ന്യായവാദങ്ങളാലും ദൃഷ്ടാന്തങ്ങളാലും സർവ്വരുടേയും വായടക്കത്തക്കനിലയിൽ അറിവിലും ദൈവികജ്ഞാനത്തിലും മേന്മ നേടിയവരാക്കുമെന്നും. എല്ലാ ജനതകളും ഈ ഊറ്റിൽനിന്ന് ജലപാനം ചെയ്യും. അങ്ങനെ ഭൂമിയിൽ മുഴുവനും അതു പടരും. ദൈവം എന്നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞിരിക്കുന്നു: "രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്നു അനുഗ്രഹം തേടുമാറ് ഞാൻ നിനക്ക് അനുഗ്രഹത്തിനുമേൽ അനുഗ്രഹം നൽകും. ആകയാൽ ഹേ, കേൾവിക്കാരെ, ഇക്കാര്യങ്ങളെല്ലാം ഓർമ്മവെച്ചുകൊൾവിൻ. ഈ ദീർഘദർശനങ്ങളെ നിങ്ങൾ പെട്ടികളിലാക്കി സൂക്ഷിച്ചുകൊൾവിൻ. എന്തെന്നാൽ, ഒരുനാൾ പൂർത്തിയാകാനിരിക്കുന്ന ദൈവവചനങ്ങളത്രെ ഇവ."

(തജല്ലിയാത്തെ ഇലാഹിയ്യ)

# മസീഹിനെ തിരസ്ക്കരിച്ച മുസ്‌ലിംകൾ പിന്തള്ളപ്പെടുന്നു

എസ്. ഉദ്ദീൻ

**ന**ബി(സ) തിരുമേനിയുടെ കാലഘട്ടം മുതൽ ഇസ്‌ലാം അതിന്റെ ആദ്യനൂറ്റാണ്ടിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപിക്കുകയുണ്ടായി. മിഡിൽഈസ്റ്റ്, ഇന്ത്യ, ചൈന, ആഫ്രിക്ക, യൂറോപ്പ് തുടങ്ങി ലോകവ്യാപകമായി അത് പ്രചരിച്ചത് അതിന്റെ തത്വസംഹിതകളുടെ സൗന്ദര്യം കൊണ്ടുമാത്രമായിരുന്നു. തുടർന്ന് ഇസ്‌ലാം ശക്തി പ്രാപിച്ച സ്ഥലങ്ങളിൽ നിലവിൽ വന്ന ഭരണകൂടങ്ങൾ സ്ഥിരതയാർന്നതും നീതിയിലധിഷ്ഠിതവുമായ ഭരണത്തിലൂടെ ഇതര മതാനുയായികളുടെ കൂടി പ്രശംസ പിടിച്ചുപറ്റുകയുണ്ടായിട്ടുണ്ട്. ആ കാലഘട്ടങ്ങളിലെ ഇസ്‌ലാമിക സ്റ്റേറ്റിലെ ജനങ്ങൾക്ക് വർഗ്ഗത്തിനും നിറത്തിനുമതീതമായി സുരക്ഷിതമായ സാഹചര്യമാണ് ലഭ്യമായത്. ശാസ്ത്രവും കലയും ഇസ്‌ലാമിക ഭരണത്തിൻ കീഴിൽ പടർന്നു പന്തലിച്ചു. ഡമാസ്കസ്, കൈറോ തുടങ്ങിയ പ്രദേശങ്ങളിൽ ശാസ്ത്രപുരോഗതി അസൂയാവഹമായ നിലയിലേക്കുയർന്നു. അതിന്റെ ഫലമായി എല്ലാ മേഖലകളും വികസിച്ചു. ഈ വികസനത്തിൽ മുസ്‌ലിം ശാസ്ത്രകാരന്മാരും ബുദ്ധിജീവികളും മാത്രമല്ല അണിനിരന്നത്. ജൂത, ക്രീസ്തീയ ശാസ്ത്രകാരന്മാരും പങ്കാളികളായിട്ടുണ്ട്. ഇത് കാണിക്കുന്നത് ഇസ്‌ലാമിന്റെ സഹിഷ്ണുതയാണ്. അമുസ്‌ലിംകളെ മാറ്റിനിർത്താൻ ഇസ്‌ലാം പഠിപ്പിച്ചിട്ടില്ല എന്നതാണ് സത്യം. ദൃശ്യചാതുര്യതയോടെ നിർമ്മിക്കപ്പെട്ട പള്ളികൾ ആ കാലഘട്ടത്തിൽ വാസ്തുശില്പകലയിൽ മുസ്‌ലിംകൾ എത്രമാത്രം പുരോഗതി കൈവരിച്ചിരുന്നുവെന്ന് വെളിവാക്കുന്നു. വിശ്വസാഹോദര്യത്തിന്റെ മുഖമുദ്രയായി വിലസിയ കോർഡോബായിലെ വലിയ മുസ്‌ലിം പള്ളിയുടെ സ്മരണ ഇന്നത്തെ മുസ്‌ലിം രാഷ്ട്രനായകരുടെ മനസിലില്ല. ആ പള്ളി ഉപയോഗിച്ചത് മുസ്‌ലിംകൾ മാത്രമായിരുന്നില്ല. ക്രിസ്തീയരും ജൂതരും അവരുടെ ആരാധനകൾക്കായും പ്രസ്തുത പള്ളി ഉപയോഗിച്ചിരുന്നു. ആദ്യനൂറ്റാണ്ടിലെ മുസ്‌ലിംകളുടെ മഹാമനസ്കതയാണ് ഈ ചരിത്രം വിളിച്ചോതുന്നത്. സ്വന്തം രാജ്യത്ത് മറ്റുള്ളവരുടെ ആരാധാനാലയങ്ങൾ നിലനിർത്താനും സംരക്ഷിക്കാനും മുന്നോട്ടു വന്നത് മുസ്‌ലിംകൾ തന്നെയായിരുന്നു. ഈ കാലയളവിലാണ് വൻകിട ലൈബ്രറികളും യൂനിവേഴ്സിറ്റികളും സ്ഥാപിക്കപ്പെട്ടത്. ഗ്രീക്കുകാരുടേയും ഇന്ത്യക്കാരുടേയും പേർഷ്യൻ എഴുത്തുകാരുടേയും ഈജിപ്തുകാരുടേയും ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തി ഈ ലൈബ്രറികളിൽ സംരക്ഷിക്കപ്പെട്ടു. കൂടാതെ നിരവധി മതഗ്രന്ഥങ്ങളുടെ പരിഭാഷകളും ഈ ലൈബ്രറികളിൽ ലഭ്യമാക്കിയിരുന്നു.

**അപചയം:–**

ക്രമേണ അധികാരം ഒരു വംശത്തിൽനിന്നും മറ്റൊരു വംശത്തിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടതോടെ ഭരണരംഗം ദുഷിക്കാനും ആരംഭിച്ചു. ഇസ്‌ലാമിക സാമ്രാജ്യം സിറിയ ആസ്ഥാനമാക്കിയ ഉമയ്യാ വംശത്തിൽനിന്നും മെസപ്പട്ടോമിയ കേന്ദ്രമാക്കിയ അബ്ബാസിയ്യാ വംശത്തിന്റെ കൈകളിലെത്തപ്പെട്ടു. അതോടുകൂടി ഇസ്‌ലാമിക പ്രതാപം അപചയത്തിന്റെ കാലഘട്ടത്തിലേക്കുള്ള പ്രയാണം ആരംഭിക്കുകയുണ്ടായി. ഈ കാലഘട്ടത്തിൽ കൈറോവിലും കൊർഡോബായിലും വ്യത്യസ്ത ഖിലാഫത്ത് വ്യവസ്ഥകൾ സ്ഥാപിക്കപ്പെട്ടതോടെ മുസ്‌ലിംകളിൽ ഉണ്ടായിരുന്ന ഐക്യത്തിന് ഇളക്കം തട്ടിത്തുടങ്ങി. എങ്കിലും ഇസ്‌ലാം മതവും മുസ്‌ലിം സംസ്കാരവും ജനങ്ങളെ ഒന്നിപ്പിക്കുകയും അതുവഴി ഇസ്‌ലാം ശക്തിപ്പെട്ടുവരികയും ചെയ്തിരുന്നു. ഇസ്താംബൂൾ കേന്ദ്രമാക്കിയ ഒട്ടോമൻ സാമ്രാജ്യത്തിന്റെ തുർക്കിഭരണത്തിൻകീഴിൽ ലോകമുസ്‌ലിംകളെ ഒരിക്കൽകൂടി ഒന്നിപ്പിക്കാൻ സാധിച്ചു. അതോടെ മുസ്‌ലിംകളുടെ ഐക്യശബ്ദം ലോകത്തിന് ശ്രവിക്കാമെന്നായി. ഇസ്‌ലാമിക സംസ്കാരം വീണ്ടും ശക്തിപ്രാപിച്ചുകൊണ്ട് യൂറോപ്പിലും അമേരിക്കയിലും സ്വപ്നതുല്യമായ മുന്നേറ്റം നടത്തുകയും ചെയ്തു. ഒട്ടോമൻ രാജവംശം ഇസ്‌ലാമികതത്വസംഹിതകളായ നീതി, ദയ എന്നിവയുടെ അടിസ്ഥാനത്തിലുള്ള മാനദണ്ഡങ്ങൾ ജനതകൾക്ക് നൽകി. ക്രമേണ ഈ സാമ്രാജ്യം അതിന്റെ അതിർത്തികൾ വ്യാപിപ്പിച്ചു. തുർക്കി, സിറിയ, ഇറാഖ്, അറേബ്യ, ബാൽക്കൻ, ഹങ്കറി, ഗ്രീസ്, ബൾഗേറിയ തുടങ്ങിയ പ്രദേശങ്ങളും കരിങ്കടലിന് ചുറ്റുമുള്ള രാജ്യങ്ങളും ഈജിപ്ത് മുതൽ അൽജീറിയ വരെയുള്ള ആഫ്രിക്കൻ മേഖലയും ഒട്ടോമൻ ചക്രവർത്തിമാരുടെ ഭരണത്തിൻകീഴിൽ വന്നു. പക്ഷേ, മാറിമാറി വന്ന ഭരണാധികാരികൾ ഇസ്‌ലാമിക മൂല്യങ്ങളിൽനിന്നും വ്യതിചലിക്കാൻ ആരംഭിച്ചതോടെ മതപരമായ അപചയം മുസ്‌ലിംകളുടെ മുന്നിലെത്തി. ഇസ്‌ലാം മറന്നതോടെ സാമ്രാജ്യത്തിന് അതിന്റെ ഐക്യവും തുടർന്ന് അധികാരവും നഷ്ടപ്പെടുകയുണ്ടായി.

**മുസ്‌ലിംകൾ വാഗ്ദത്തമസീഹിന്റെ കാലഘട്ടത്തിൽ:**

അപചയത്തിൽനിന്നും കരകയറാൻ സാധിക്കാതെ മുന്നോട്ടുനീങ്ങിയ ഇസ്‌ലാം അതിന്റെ ഏറ്റവും പരിതാപകരമായ അവസ്ഥയിലായിരുന്നു മസീഹിന്റെ ആവിർഭാവകാലഘട്ടത്തിലെത്തിച്ചേർന്നിരുന്നത്. വാഗ്ദത്ത മസീഹ് അവതരിച്ച കാലഘട്ടത്തിൽ മുസ്‌ലിം രാഷ്ട്രങ്ങൾ ലോകത്ത് വിവിധയിടങ്ങളിലായി അവരുടെ രാഷ്ട്രീയാധികാരം നിലനിർത്തിയിരുന്നുവെങ്കിലും ഇസ്‌ലാംമതം നാലുഭാഗത്തുനിന്നും ആക്രമിക്കപ്പെടുന്ന അവസ്ഥയിൽതന്നെയായിരുന്നു. ക്രിസ്ത്യൻ മിഷനറിമാർ യൂറോപ്യന്മാരുടെ കോളനി വികാസത്തിന്റെ പാത പിൻതുടർന്നുകൊണ്ട് ഇസ്‌ലാമിനെ കോളനിവൽകരിക്കാനുള്ള ശ്രമത്തിലായിരുന്നു. ഇസ്‌ലാമിനെതിരായ തെറ്റായ പ്രചാരണ പ്രവർത്തനങ്ങൾ വൻതോതിൽ അവർ സംഘടിപ്പിച്ചുപോന്നു. ഇസ്‌ലാമിനകത്ത് സമരകുതുകികളായ ആളുകളും പ്രവർത്തകരും ഒട്ടേറെയുണ്ടായിട്ടും ആശയസമരത്തിന്റെ പോർക്കളത്തിലിറങ്ങാൻ ആരും തയ്യാറായില്ല. ഇസ്‌ലാമിക സ്നേഹം മനസ്സിൽ കൊണ്ടുനടന്നിരുന്ന ഏതാനും പേർ മാത്രമാണ് അതിന് തയ്യാറായത്. അത്തരത്തിൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ വെല്ലുവിളി ഏറ്റെടുക്കാൻ തയ്യാറായവരിൽ പ്രധാനിയായിരുന്നു ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ). അതിലദ്ദേഹം വിജയിക്കുകയും ചെയ്തു. ഈ വിജയം പുതുതലമുറയെ ആവേശം കൊള്ളിക്കുകയും മിർസാ ഗുലാം അഹ്മദ്(അ)ന് പിന്നിൽ അണിനിരക്കാൻ തയ്യാറാവുകയുമുണ്ടായി. എന്നാൽ, അത്യാർത്തിയിലും രാഷ്ട്രീയമായ അന്ധതയിലും മുങ്ങിക്കഴിഞ്ഞിരുന്ന മുസ്‌ലിം ഭരണകർത്താക്കളും പണ്ഡിതരും അത് കണ്ടില്ലെന്ന് നടിച്ചു. വാഗ്ദത്ത മസീഹ് വന്നതിനുശേഷമുള്ള നൂറുവർഷ

*(ശേഷം 7-ാം പേജിൽ)*

*(5-ാം പേജിൽനിന്ന്)*

നബിതിരുമേനി(സ) പഠിപ്പിച്ച ദുആയോടൊപ്പം ഈ യാത്രയിൽ ഈമാന്റേയും ഇർഫാന്റേയും ഒരു വലിയ ഭാഗം പ്രാപ്യമാകുവാനും എല്ലാ അനുസരണക്കേടിൽ നിന്നും രക്ഷ കിട്ടുന്നതിനായും വളരെ വിനയാന്വിതനായി ദുആ ചെയ്യുമായിരുന്നു.

ഹുസൂറിനെ സേവിക്കുവാൻ വളരെ ഉത്സുകനായിരുന്നു. സമയം കിട്ടുമ്പോഴൊക്കെ ഹുസൂറിന് തിരുമ്മികൊടുക്കും. ദാറുൽമസീഹിൽ ചില സന്ദർഭത്തിൽ രാത്രി ശിപായിയെപോലെ പാറാവ് നിൽക്കുമായിരുന്നു. "അദ്ദേഹത്തിന്റെ ഡ്യൂട്ടി ദിവസം ബൂട്ടിന്റെ ശബ്ദം കേട്ട് ഞങ്ങൾ തിരിച്ചറിയുമായിരുന്നു" എന്ന് ഉമ്മുൽ മുഅ്മിനീൻ പറയുമായിരുന്നു. ഹുസൂറിന്റെ തബറുക്ക് ശേഖരിക്കുക എന്നതും ശീലമായിരുന്നു. പുതിയ തൊപ്പി ഹുസൂറിന് നൽകിയിട്ട് പഴയത് ചോദിച്ച് വാങ്ങുമായിരുന്നു. പഴയ വസ്ത്രങ്ങളും സൂക്ഷിച്ചുവെക്കുമായിരുന്നു. ഹുസൂർ(അ) മുടി ചീകുമ്പോൾ ധാരാളം കൊഴിഞ്ഞ് വീഴാറുണ്ടായിരുന്നു. സഹോദരൻ യഅ്ഖൂബ് ബേഗ് നിവേദനം ചെയ്യുന്നു. "ഒരിക്കൽ ഞാൻ സഹോദരന്റെ സാധനങ്ങൾ പരിശോധിക്കുമ്പോൾ ഒരു കവറിൽ ഹുസൂർ തിരുമനസ്സിന്റെ മുടി കണ്ടെത്തി. വളരെ ഭദ്രമായി സൂക്ഷിച്ച് വെച്ചിരിക്കുകയായിരുന്നു."


ചീഫ്സ് കോളേജ് ലാഹോറിൽ സയൻസ് അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു- അടുത്തവർക്കെന്നല്ല അന്യർക്കും അദ്ദേഹം പ്രിയങ്കരനായി. ലാഹോറിൽ ബി.എക്ക് പഠിക്കുന്ന സന്ദർഭത്തിൽതന്നെ താത്ക്കാലിക ഹെഡ്മാസ്റ്ററായി നമ്മുടെ സ്കൂളിൽ രണ്ട് മാസം സേവനമനുഷ്ഠിച്ചിരുന്നു- 313 സഹാബാക്കുളുടെ ലിസ്റ്റിൽ 41-ാമതായിട്ടാണ് ഇദ്ദേഹത്തിന്റെ പേര് ചേർത്തിരിക്കുന്നത്. പല ദൃഷ്ടാന്തസന്ദർഭങ്ങളിലും ഹുസൂറിനോടൊപ്പം ഉണ്ടായിരുന്നതായി മനസ്സിലാകുന്നു- 1894-ൽ ഇമാം മഹ്ദി(അ)യുടെ സത്യസാക്ഷ്യമായി സൂര്യഗ്രഹണം സംഭവിച്ചു. ഹദ്റത്ത് മുഹമ്മദ് അഹ്സൻ സാഹിബാണ് ഗ്രഹണനമസ്കാരം നിർവ്വഹിച്ചത്. നമസ്കാരവും ഹുസൂർ തിരുമനസ്സിന്റെ ദുആയും മൂന്ന് മണിക്കൂർ നീണ്ടുനിന്നു. ഈ സന്ദർഭത്തിലും ഇദ്ദേഹം ഹുസൂറിനോടൊപ്പമുണ്ടായിരുന്നു.

നിരന്തരം നബിതിരുമേനിയേയും മറ്റും കശ്ഫിൽ ദർശിച്ചിരുന്ന സാത്വികനായ ഈ യുവാവ് ബയ്അത്തിന്റെ 9-ാം വർഷം 26-ാമത്തെ വയസ്സിൽ തന്റെ നാഥനിലേക്ക് ഉയർത്തപ്പെട്ടു. ബിഹിശ്തി മഖ്ബറ നിലവിൽ വരുന്നതിന് മുമ്പേതന്നെ വഫാത്തായെങ്കിലും ഹുസൂർ (അ)ന്റെ അനുവാദത്തോടെ അവിടെ കൊണ്ടുവന്ന് മറയടക്കപ്പെട്ട ഏകവ്യക്തിത്വം എന്നതും അദ്ദേഹത്തിന്റെ സവിശേഷതയാണ്.

## പിന്നിട്ട നാളുകൾ

# കെ.പി. അഹ്മദ് സാഹിബ്

തയ്യാറാക്കിയത് - ശംസുദ്ദീൻ



**മു**സ്‌ലിം ഭൂരിപക്ഷത്തിന്റെ നടുക്കടലിൽനിന്നും നീന്തിക്കയറി അഹ്മദിയ്യാ ജമാഅത്തിൽ ചേക്കേറിയ ഒരു വ്യക്തിയാണ് കെ.പി. അഹ്മദ് സാഹിബ്. ഒട്ടും മതബോധമില്ലാത്ത ഒരു പ്രത്യേക സാഹചര്യത്തിൽ നിന്നുള്ള അദ്ദേഹത്തിന്റെ വഴിത്തിരിവ് കൗതുകകരമാണ്.

സാംസ്കാരികമായി സമ്പന്നമായ കോഴിക്കോട്ടെ വലിയപറമ്പത്ത് പടിഞ്ഞാറകത്ത് അബ്ദുറഹിമാൻ കുട്ടി ഹാജിയുടേയും കോറാവീട് പറമ്പിൽ ഇമ്പിച്ചായിശബിയുടേയും മകനായി ജനിച്ച കെ.പി. അഹ്മദ് സാഹിബ് സുന്നി-മുജാഹിദ് മിക്സഡ് കുടുംബത്തിലെ ഒരംഗമായിരുന്നു. പിതാവിന്റെ പൂർവ്വികന്മാരിൽ ഖത്തീബുമാരും പണ്ഡിതന്മാരും ഉണ്ടായിരുന്നെങ്കിലും നഷ്ടപ്രതാപത്തിന്റെ തിരശ്ശീല വീണ് അവരെല്ലാം വിസ്മൃതരായി.

കെ.പി.യുടെ മതപഠനം 'ഇടിയങ്ങര'യിലെ മുജാഹിദ് മദ്രസയിലായിരുന്നു. പക്ഷേ, ചെറുപ്പം മുതലേ മതപഠനത്തിൽ താല്പര്യമില്ലെന്നു മാത്രമല്ല, മനസ്സ് ഒരു നിഷേധിയുടേതായിരുന്നു. ദൈവവിശ്വാസം ഒരിക്കൽപോലും ആ ഹൃദയത്തെ സ്പർശിച്ചില്ല.

ഭൗതികവിദ്യാഭ്യാസത്തിനിടക്ക് സാമൂതിരി ഹൈസ്കൂളിൽനിന്നും വിടപറഞ്ഞ കെ.പി. പിന്നീട് സ്കോളർ ട്യൂട്ടോറിയൽ കോളേജിൽ മെട്രിക്കുലേഷന് ചേർന്നു. അപ്പോഴെല്ലാം പഠനത്തേക്കാൾ ഉപരിയായി ഇഷ്ടമേഖലയായ എഴുത്തിലും സംഗീതത്തിലും നാടകത്തിലുമായിരുന്നു താല്പര്യം പ്രകടിപ്പിച്ചിരുന്നത്. ചെറുപ്പകാലം മുതൽ, വായനാശീലം വളർത്തിയെടുക്കാൻ കുട്ടികളുടെ കഥാമാസികയായ അമ്പിളി അമ്മാവൻ സ്ഥിരമായി വാങ്ങിച്ചുകൊടുത്തതും കോഴിക്കോട് സർഗ്ഗം മ്യൂസിക് ക്ലാസ്സിൽ ഗിറ്റാറും തബലയും പഠിക്കാൻ ഫീസ് നൽകി പ്രോത്സാഹിപ്പിച്ചതും സ്വന്തം ജ്യേഷ്ഠസഹോദരനായ പരേതനായ കെ.പി. മുഹമ്മദ് കോയാസാഹിബായിരുന്നു. മറ്റൊരു ജേഷ്ഠസഹോദരനും സിനിമാ-നാടക നടനും നാടക സംവിധായകനുമായിരുന്ന അബൂ സിൽക്കാറിലൂടെ അന്നത്തെ നാടകമേഖലയുമായി ബന്ധപ്പെട്ടു. കുതിരവട്ടം പപ്പുവും നെല്ലിക്കോട് ഭാസ്കരനും കുഞ്ഞാണ്ടിയും നാടകനടന്മാരായി മാത്രം അറിയപ്പെട്ട കാലത്ത് അവരുമായും കോഴിക്കോട് അബ്ദുൽഖാദർ, ബാബുരാജ് എന്നിവരുമായും ബന്ധപ്പെട്ടു. സർഗ്ഗം മ്യൂസിക് ക്ലാസിലെ വിദ്യാർത്ഥികൾ ചേർന്ന് പ്രസിദ്ധ വയലിനിസ്റ്റായ സി.എം. വാടിയിലിന്റെ നേതൃത്വത്തിൽ ലാസ്‌വെഗാസ് മ്യൂസിക് ക്ലബ്ബ് തുടങ്ങിയപ്പോൾ കെ.പി. അതിന്റെ സെക്രട്ടറിയായി പ്രവർത്തിച്ചു.

എഴുതാൻ പ്രോത്സാഹിപ്പിച്ചത് ചന്ദ്രിക ആഴ്ചപതിപ്പിന്റെ എഡിറ്റർ പി.എ. മുഹമ്മദ്കോയയും കെ.എ. കൊടുങ്ങല്ലൂരും, സ്കോളർ ട്യൂട്ടറിയൽ കോളേജിന്റെ പ്രിൻസിപ്പാളും എഴുത്തുകാരനുമായ മത്തായി പുന്നക്കലുമാണ്. കെ.പിയുടെ 'സിനിമ മനസ്സുകളിൽ' എന്ന പുസ്തകത്തിന് കെ.എ. കൊടുങ്ങല്ലൂരാണ് അവതാരിക എഴുതിയത്.

കുറ്റിച്ചിറയിൽ കെ.പി.യുടെ പിതാവിന് ഒരു മരക്കച്ചവട സ്ഥാപനമുണ്ടായിരുന്നു. പിതാവിന്റെ സുഹൃത്തുക്കൾ സന്ധിക്കാറുള്ള അവിടെ ഒരു ക്ലബ്ബുപോലെയാണ് പണ്ടുമുതലേ അറിയപ്പെട്ടിരുന്നത്. നീലഗിരി ഹൗസ് എന്ന് പറയപ്പെടുന്ന ഇവിടെ മാനേജരായിരുന്ന മമ്മുക്ക എന്ന വി.പി. മമ്മു സാഹിബ് രഹസ്യമായി അഹ്മദിയ്യാ അനുഭാവിയായി മാറിക്കഴിഞ്ഞിരുന്നു. അദ്ദേഹവും കെ.പി. മുഹമ്മദുകോയ സാഹിബും രാത്രികാലങ്ങളിൽ രഹസ്യമായി ദാറുസ്സലാമിൽ പോകാറുള്ളത് കെ.പിയുടെ ശ്രദ്ധയിൽപെട്ടു. ഒരു ദിവസം ആദംനബി ആദ്യത്തെ മനുഷ്യനോ നബിയോ എന്ന കാര്യത്തെക്കുറിച്ച് മമ്മുക്കയോട് കെ.പി ചോദിച്ചു. ആദ്യത്തെ നബിയാണെന്ന മറുപടി കിട്ടി. ചെറുപ്പം മുതൽ എന്തും ചോദ്യം ചെയ്യുന്ന കെ.പിയുടെ ഇഷ്ടതാരം ഇബ്‌ലീസായിരുന്നു. അതിനൊരു കാരണമുണ്ട്. അല്ലാഹുവിനോട് സമരം ചെയ്ത് അവകാശം നേടിയെടുത്ത ആളാണല്ലോ ഇബ്‌ലീസ്. ആദമിനെ കുറിച്ചുള്ള മമ്മുക്കയുടെ മറുപടിയിൽനിന്ന് ഇബ്‌ലീസിന്റെ കാര്യത്തിലുള്ള സംശയവും തീർന്നു. തുടർന്ന് കെ.പി ചോദിച്ചത് നിങ്ങളുടെ നബി വേറെയല്ലേ എന്നാണ്. മമ്മുക്കയുടെ മറുപടി മഹ്ദി ഇമാം വരുമെന്ന പ്രവചനമുണ്ടല്ലോ? ഈ മറുപടി കെ.പിയുടെ മനസ്സിനെ ആകർഷിച്ചു.

മമ്മുക്കയുടെ മറുപടി കെ.പിയെ ഗതകാലത്തേക്ക് എത്തിച്ചു. ആ കാലത്ത് മക്കളെ പോറ്റിവളർത്താൻ സ്ത്രീകളെ ഏർപ്പാടാക്കുന്ന ഒരു പതിവുണ്ടായിരുന്നു. കെ.പിക്കും അതുപോലൊരു പോറ്റുമ്മയുണ്ട്. അവർ പല കഥകളും പറഞ്ഞുകൊടുത്ത കൂട്ടത്തിൽ മഹ്ദിയുടേയും ദജ്ജാലിന്റേയും കാര്യങ്ങളും പറഞ്ഞത് കെ.പിയുടെ മനസ്സിലേക്കോടിയെത്തി. ഇതിനെ തുടർന്ന് മഹ്ദി ഇമാമെന്ന ആളെക്കുറിച്ചറിയാനുള്ള അഭിവാഞ്ഛ കെ.പിയുടെ മനസ്സിനെ ഇളക്കി. അദ്ദേഹം മമ്മുക്കയോട് ആരാഞ്ഞു. 'ഇതെങ്ങനെ പഠിക്കാനാകും? എനിക്കറിഞ്ഞാൽ കൊള്ളാമെന്നുണ്ട്'. മമ്മുക്ക ഇസ്‌ലാംമത തത്ത്വജ്ഞാനം വായിച്ചാൽ മതിയെന്നു മറുപടി നൽകി. അത് സംഘടിപ്പിച്ചു വായിച്ചു. തുടർന്ന് സന്മാർഗ്ഗദർശിനി. അതുംകഴിഞ്ഞപ്പോൾ അറിയാനുള്ള ആർത്തി കൂടി. ഉടനെ മമ്മുക്കയെ സമീപിച്ചു. "എനിക്ക് സത്യദൂതന്റെ പഴയ വാല്യങ്ങൾ വേണം." തന്റെ ആവശ്യമറിയിച്ചു. മമ്മുക്ക സന്തുഷ്ടനായി. സത്യദൂതൻ വാല്യങ്ങൾ ലഭ്യമായി. അതുമുഴുവൻ പഠിക്കാനുറച്ച കെ.പി ഫ്ളാസ്കിൽ കട്ടൻ ചായയും കയ്യിൽ സിഗരറ്റ് കൂടുമായി മുറിയടച്ചിരുന്നു.

കെ.പി അഹ്മദ് സാഹിബിന്റെ ജമാഅത്തിനോടുള്ള സമീപനം മനസ്സിലാക്കിയ മമ്മുക്ക വിവരം മർഹൂം എ.പി. കുഞ്ഞാമു സാഹിബിന്റെ ചെവിയിലെത്തിച്ചു. ഒരു ദിവസം മറ്റൊരനുഭാവിയായ ബാപ്പു എന്ന കെ. കോയട്ടി സാഹിബ് എ.പി. കുഞ്ഞാമുസാഹിബിനേയും കൂട്ടി നീലഗിരി ഹൗസിലെത്തി.

ഇത്രയുമാവുമ്പോഴേക്കും കെ.പി. അഹ്മദ് സാഹിബ് നോമ്പനുഷ്ഠിക്കാൻ തുടങ്ങിയിരുന്നു. പക്ഷേ, നമസ്കാരമില്ല. എ.പി. കുഞ്ഞാമുസാഹിബ് കെ.പിയോട് സൗഹൃദസംഭാഷണം നടത്തി. ഇടയിൽ ചോദിച്ചു. നോമ്പ് എടുക്കാറുണ്ട് അല്ലേ?


കെ.പി: അതെ.

കുഞ്ഞാമുസാഹിബ്:

*(ശേഷം 8-ാം പേജിൽ)*

*(4-ാം പേജിൽനിന്ന്)*

വാരണം സംവാദങ്ങളുടെ തലത്തിലേക്ക് ഉയർത്തപ്പെട്ടു. തീഷ്ണവും, കാര്യമാത്രപ്രസക്തവുമായ ചോദ്യങ്ങൾ മുതൽ വിഡ്ഢിത്തം



നിറഞ്ഞ കളിയാക്കലുകൾ വരെ ഇവിടെകണ്ടു. പക്ഷേ, വമ്പിച്ച ജനപ്രവാഹമായിരുന്നു സംശയനിവാരണത്തിനായി വന്നെത്തിയത്. 16 ദിവസങ്ങളിലായി ഉദ്ദേശം ആയിരത്തോളം ആളുകൾ സംശയവുമായി എത്തിയതായി കണക്കാക്കപ്പെടുന്നു. സംശയനിവാരണത്തിന് സജീവമായി രംഗത്തുനിന്ന യാസർ അറഫാത്ത് സാഹിബ് പറയുന്നു. "നൂറു വർഷത്തിനു ശേഷം കേരളത്തെ സംബന്ധിച്ചിടത്തോളം തബ്‌ലീഗ് രംഗത്ത് ഒരു വിപ്ലവത്തിന്റെ തുടക്കം കുറിക്കാൻ ഇതിന് സാധിച്ചു. നിരവധി പേരുമായി സംസാരിച്ചപ്പോൾ അവരുടെ അന്ധമായ അവസ്ഥ മാറിയതായിക്കണ്ടു. പഠിക്കാനുള്ള താത്പര്യം പൊതുവെ വർദ്ധിച്ചിട്ടുണ്ട്." മനപൂർവ്വം കളിയാക്കിച്ചിരിക്കാനെത്തുന്ന എതിരാളികൾ ഉത്തരമില്ലാതെ തലകുനിക്കുന്നത് സത്യവിശ്വാസത്തിന്റെ ദൃഷ്ടാന്തമായി ഹൃദയത്തിൽ സൂക്ഷിക്കുന്നു. നമ്മൾ.

സ്ത്രീപക്ഷവും സംശയനിവാരണത്തിന് ശക്തിപകർന്നു. ലജ്ന സഹോദരിമാരായ മറിയം ബീവി സാഹിബ, നഗീന, നാസിറ, താഹിറ, റംല ഇസ്മായീൽ, റഷീദ. ടി., ജുവൈരിയ ഗൗഹർ, റഷീദ സാദിഖ് തുടങ്ങിയവർ ഹൃദയത്തിന്റെ ഭാഷയിൽ സംവേദനം നടത്തി. നീരസത്തിന്റെ അഭിശപ്തത, സ്വീകാര്യതയുടെ സമ്മോഹനതയായി അനഹ്മദി സഹോദരിമാരിൽ പരിണമിക്കുന്നുവോ?

എക്സിബിഷന്റെ സ്വാഭാവികമായ ചലനങ്ങൾ ത്വരിതപ്പെട്ടത് ലങ്കർഖാനയിലാണ്. മുൻകണ്ണൂർ ടൗൺ ഖാഇദ് പി. ഉമർസാഹിബിന്റെ നേതൃത്വത്തിൽ സദാ സജീവമായ ഭക്ഷണശാലയിൽ പ്രവർത്തകരും അല്ലാത്തവരും സർവ്വത്ര സംതൃപ്തരായിരുന്നു. മസീഹ് മൗഊദ്(അ)ന്റെ അതിഥി സൽക്കാരപ്രിയം അതേപടി പകർത്തിയ എക്സിബിഷൻ ലങ്കർഖാനയുടെ സാരഥി പി. ഉമർ സാഹിബ് "ഭക്ഷണം തൃപ്തികരമായി ലഭ്യമാക്കുന്നതിൽ ഒരുപാട് പേർ പ്രയത്നിച്ചിട്ടുണ്ട്. എങ്കിലും സദാ സമയവും പ്രവർത്തിക്കുന്ന ഭക്ഷണശാല വലിയ വെല്ലുവിളിതന്നെയായിരുന്നു." ഭക്ഷണവിതരണത്തിൽ മുറിയക്കണ്ണി, അമ്പലവയൽ, ചേലക്കര തുടങ്ങിയ ഇടങ്ങളിൽ നിന്നെത്തിയ ഖാദിംകൾ പ്രശംസാർഹമായ സേവനങ്ങൾ നടത്തി. ഗുണം, അളവ്, രുചി തുടങ്ങി ഏത് മാനദണ്ഡമായാലും ലങ്കർഖാനയുടെ പര്യാപ്തത അജയ്യമായി.

എക്സിബിഷൻ കാണാൻ ഒട്ടേറെ വിശിഷ്ടാതിഥികളെത്തി. കണ്ണൂർജില്ലാ കലക്ടർ ശ്രീമതി ഇഷിതാറോയ്, കെ. സുധാകരൻ എം.എൽ.എ, സി.ഐ.ടി.യു നേതാവ് സ:കെ.പി. സഹദേവൻ, യുക്തിവാദി നേതാവ് ശ്രീ യു. കലാനാഥൻ, ആർ.എസ്.എസ്. നേതാവ് ശ്രീ വത്സൻ തില്ലങ്കേരി തുടങ്ങിയവർ ഇക്കൂട്ടത്തിൽ പെടുന്നു. കണ്ണൂർ കലക്ടർ ഇഷിതാറോയ് ഇങ്ങനെ അഭിപ്രായം രേഖപ്പെടുത്തി. "എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്നത് ഒരാഗോള സത്യമാണ്. അത് പ്രചരിപ്പിക്കുന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് എല്ലാവിധ ആശംസകളും നേരുന്നു''. കൂടാതെ ഒട്ടനവധി മേഖലകളിലെ പ്രശസ്തരും അപ്രശസ്തരുമായ ആളുകൾ



ഖുർആനിക വിജ്ഞാനങ്ങൾ കണ്ട് തിരിച്ചുപോയി. വിജ്ഞാനത്തിന്റെ സാരാംശങ്ങളിൽ പലരേയും വിസ്മയഭരിതരാക്കി. ചിലരെങ്കിലും ക്രുദ്ധരായി.

പതിവിൽനിന്ന് വ്യത്യസ്തമായി മാധ്യമങ്ങൾ എക്സിബിഷനെ സമുചിതമായ രീതിയിൽ പ്രോത്സാഹിപ്പിച്ചു. മാതൃഭൂമി, മനോരമ, കേരളകൗമുദി, ദീപിക, സുദിനം, ഫ്ളാഷ്, മാധ്യമം തുടങ്ങി മിക്ക ദിനപത്രങ്ങളും എക്സിബിഷൻ വാർത്തകൾ വലിയ പ്രാധാന്യത്തോടെ പ്രസിദ്ധപ്പെടുത്തി. മാതൃഭൂമി, ഫ്ളാഷ്,

*(ശേഷം 8-ാം പേജിൽ)*

*(6-ാം പേജിൽനിന്ന്)*

ങ്ങൾക്കിടയിൽ അദ്ദേഹത്തെ തിരിച്ചറിയാനും അദ്ദേഹത്തിന്റെ പ്രസ്ഥാനവുമായി ബന്ധപ്പെടാനും ലഭിച്ച അവസരം നിരവധി പേർ ഉപയോഗിച്ചിട്ടുണ്ട്. പക്ഷേ, അജ്ഞതയാലും തെറ്റിദ്ധരിക്കപ്പെടലുംകൊണ്ട് നിരവധി പേർക്ക് അത് ലഭിക്കുകയുണ്ടായില്ല. മുസ്‌ലിം ഭരണകൂടങ്ങൾ രാഷ്ട്രീയലാഭത്തിനു വേണ്ടി മസീഹിനെ തിരസ്കരിക്കുകയാണുണ്ടായത്.


### ചരിത്രം ആവർത്തിക്കുന്നു

നബി(സ) തിരുമേനിക്കു ശേഷം ലോകത്തെ ഒന്നടങ്കം കൈപിടിച്ചുയർത്തിയ മുസ്‌ലിം നേതാക്കളുടെയും രാഷ്ട്രനായകന്മാരുടെയും കാലശേഷം ആ സ്ഥാനത്തേക്കുവന്ന സ്വാർത്ഥമോഹികളും അത്യാഗ്രഹികളുമാണ് ഇസ്‌ലാമിന്റെ അപചയത്തിന് കാരണമായത്. നബിതിരുമേനിയുടെ ആശയങ്ങൾ തള്ളിക്കളഞ്ഞപ്പോഴാണ് മുസ്‌ലിം ഭരണകൂടങ്ങൾ നശിച്ചത്. ഇവിടെയും അതുതന്നെയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. വാഗ്ദത്ത മസീഹിലൂടെ വീണ്ടും പ്രഘോഷണം ചെയ്യപ്പെട്ട ഇസ്‌ലാമിക മൂല്യങ്ങൾ വകവെക്കാതെ നേതാക്കളും ഭരണകൂടങ്ങളും പോയ്ക്കൊണ്ടിരിക്കുന്നതിന്റെ ഫലമാണ് നാം ഇന്ന് കാണുന്നത്.

കഴിഞ്ഞ നൂറുവർഷത്തിനിടയിൽ സംഭവിച്ചതെന്താണ്? മതങ്ങൾ രാഷ്ട്രീയവൽക്കരിക്കപ്പെട്ടു. അതിൽനിന്ന് മാറി നിൽക്കാൻ ഇസ്‌ലാമിനുമായില്ല. അതിന്റെ ഫലമായി വലിയവലിയ ഇസ്‌ലാമിക സാമ്രാജ്യങ്ങൾ ആത്മീയത നഷ്ടപ്പെട്ട രാഷ്ട്രീയക്കാരുടെ കൈകളിലകപ്പെട്ടു. ഇസ്‌ലാമിന്റെ ആരംഭകാലത്ത് ഉണ്ടായിരുന്ന ഐക്യം ഇല്ലാതായി. അഹ്മദിയ്യാ മുസ്‌ലിം കക്ഷിയൊഴികെ ആരിലും ഐക്യം എന്നൊന്നില്ല. വിശ്വാസികൾക്ക് വാഗ്ദത്തം ചെയ്യപ്പെട്ട ഖിലാഫത്തിന്റെ അഭാവമല്ലാതെ മറ്റൊന്നുമല്ല ഇതിനു കാരണം.

മിഡിൽ ഈസ്റ്റ് രാഷ്ട്രങ്ങളിൽ മുസ്‌ലിംകളിലുണ്ടായ അനൈക്യം പാശ്ചാത്യർ അവരുടെ രാഷ്ട്രീയ, വ്യാപാര ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ഉപയോഗിക്കുകയാണ്. ഫലസ്തീൻ മേഖലയുടെ അവസ്ഥ നമ്മുടെ മുന്നിലുണ്ട്. ഇറാനും ഇറാഖും നീണ്ട കാലം പരസ്പരം പോരടിച്ചു. അതിനുശേഷം ഇറാഖ് തകർക്കപ്പെട്ടു. ഇറാൻ തകർക്കപ്പെടാൻ പോകുന്നു. അല്ലാഹു അയച്ച നബിയുടെ വാക്കുകൾ ശ്രവിക്കാതെ മുന്നോട്ടുപോകുന്ന ഈ മുസ്‌ലിം ശക്തിയുടെ ഭാവി എന്തായിരിക്കും? ഊഹിക്കാവുന്നതേയുള്ളൂ. ഖുർആൻ നബിമാരെ തിരസ്കരിച്ച ജനതയുടെ ചരിത്രം നമുക്ക് പറഞ്ഞുതരുന്നുണ്ട്. അത് ശ്രദ്ധിച്ചാൽ നന്ന്.

# കണ്ണൂർ എക്സിബിഷൻ – ബുക്ക്സ്റ്റാൾ ശ്രദ്ധേയമായി



**കണ്ണൂർ:** ഫെബ്രുവരി 23 മുതൽ മാർച്ച് 10 വരെ കണ്ണൂർ പോലീസ്മൈതാനിയിൽ സംഘടിപ്പിച്ച അൽഖുർആൻ എക്സിബിഷനോടനുബന്ധിച്ച് പ്രവർത്തിച്ച ബുക്ക്സ്റ്റാൾ ഏറെ ശ്രദ്ധിക്കപ്പെട്ടു. മുഴുവൻ സമയവും ബുക്ക്സ്റ്റാളിനു മുന്നിൽ തിരക്ക് കാണപ്പെട്ടു. ബോർഡുകൾ വായിച്ച് തെറ്റുധാരണകൾ അകലുന്നതോടുകൂടി ജനങ്ങൾ ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ വായിക്കാൻ കാണിച്ച താല്പര്യം എടുത്തുപറയേണ്ടതാണ്. ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ സന്ദർശകർക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്നതിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച മൗലവിമാരായ ഹിദായത്തുല്ലാ ഖാൻ സഖാഫി സാഹിബ്, മൻസിൽ സാഹിബ്, ഖമറുദ്ദീൻ സാഹിബ്, ടി. എം. മുഹമ്മദ് സാഹിബ് എന്നിവർ വൻതോതിലുള്ള പുസ്തക വില്പനയെ സഹായിച്ചിട്ടുണ്ട്. കണ്ണൂരിൽ ഇത്തരത്തിൽ പുസ്തകങ്ങൾ വിറ്റഴിക്കപ്പെടുന്നത് ഒരു ചരിത്രസംഭവമാണ്.

(7-ാം പേജിൽനിന്ന്)

ദീപിക തുടങ്ങിയ പത്രങ്ങൾ വിശേഷാൽ ബോക്സുകളുമായിതന്നെ എക്സിബിഷനെപ്പറ്റി വാർത്തകളെഴുതി. മാതൃഭൂമി ഫീച്ചർ ഇങ്ങനെ പറഞ്ഞു."അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ ഈ നൂതനസംരംഭം വ്യത്യസ്ത ഭാഷകളിലെ ഖുർആൻ പരിഭാഷകൾ പരിചയപ്പെടുത്തിത്തരുന്നു. ശാസ്ത്രീയമായ രീതിയിലുള്ള ഈ നൂതന പ്രദർശനം വമ്പിച്ച ജനശ്രദ്ധ ആകർഷിച്ചുവരികയാണ്." കൂടാതെ ദൃശ്യമാധ്യമങ്ങളായ ഏഷ്യാനെറ്റ്, കൈരളി, ജീവൻ, അമൃത, സിറ്റി ചാനൽ തുടങ്ങിയവയും എക്സിബിഷൻ ദൃശ്യങ്ങൾ പ്രദർശിപ്പിച്ചു. ഏഷ്യാനെറ്റ് അൽഖുർആൻ എക്സിബിഷനെ "ഈ ആഴ്ചയിലെ ഏറ്റവും നല്ല സാംസ്കാരിക പരിപാടിയെന്നാണ് വിശേഷിപ്പിച്ചത്."

ഏറ്റവും സന്തോഷകരമായത് എക്സിബിഷൻ ഹാളിൽവച്ച് നാലുപേർ ബയ്അത്ത് ചെയ്തതാണ്. സത്യവിശ്വാസത്തെ സ്വീകരിക്കാൻ സമയമായെന്ന് അല്ലാഹു അവരോട് വെളിപെടുത്തിയിരിക്കണം. അവരുടെ വിശ്വാസങ്ങളിൽ ദൈവികമായ പ്രബലത നിലനിൽക്കുമാറാകട്ടെ. (ആമീൻ) ചുരുക്കത്തിൽ ഭൗതികവും ആത്മീയവുമായ വിതാനങ്ങളിൽ പുത്തനുണർവ്വ് പകർന്ന ഒരു സംരംഭമായിത്തീരുന്നു എക്സിബിഷൻ അൽഖുർആൻ ഇന്റർനാഷണൽ 2007. ഒരുപാട് പേരുടെ അഹോരാത്രമുള്ള കർമ്മങ്ങളുടെ വിളവെടുപ്പാണിത്. അൻസാറുല്ലാ നാസിം പി. പി. നാസിറുദ്ദീൻ സാഹിബ്, യു. മൻസൂർ അഹ്മദ് സാഹിബ്, മുസഫർ അഹ്മദ് സാഹിബ് തുടങ്ങിയവർ ഇക്കൂട്ടത്തിൽപെടുന്നു. ഈ എക്സിബിഷന്റെ മുഖ്യ സംഘാടകൻ പി.പി. നാസിറുദ്ദീൻ സാഹിബ് ഇങ്ങനെ പറഞ്ഞു. "മുഴുവൻ ജമാഅത്ത് അംഗങ്ങളുടേയും കൂട്ടായ്മ എക്സിബിഷനിൽ ദൃശ്യമായി. നമ്മുടെ പരസ്പര സ്നേഹം കൂടുതൽ ഉദാത്തമായിത്തീർന്നു. യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശം വിജയകരമായ രീതിയിൽ പ്രവഹിക്കപ്പെട്ടിട്ടുണ്ട്. വലിയ മാറ്റങ്ങൾ പ്രതീക്ഷിക്കാവുന്ന ഒന്നായിത്തീരുകയാണ് എക്സിബിഷൻ -2007."



(7-ാം പേജിൽനിന്ന്)

നമസ്കാരമോ?

കെ.പി: ഇല്ല.

കുഞ്ഞാമു സാഹിബ്: നമസ്കരിക്കാതെ നോമ്പ് കൊണ്ടെന്തു കാര്യം?

ഉടനെ കെ.പിയുടെ മറുപടി വന്നു. നോമ്പെടുത്തത് ഡോ. സി.കെ. രാമചന്ദ്രന്റെ ഒരു ലേഖനം വായിച്ചതിനു ശേഷമാണ്. 'ഞാൻ നമസ്കരിക്കുകയാണെങ്കിൽ ആദ്യം നിങ്ങളുടെ പള്ളിയിലായിരിക്കും."

ഒടുവിൽ 1965-ൽ ബയ്അത്ത് ചെയ്തു. കൂടെ മമ്മുക്കയും, കെ.കോയട്ടിസാഹിബും. ദാറുസ്സലാമിൽ വലിയ മൗലവി സാഹിബാണ് ബയ്അത്ത് പ്രതിജ്ഞ ചൊല്ലിക്കൊടുത്തത്.

ഉടനെ വന്നു ബഹിഷ്കരണം. ഭാര്യവീട്ടുകാരും സ്വന്തം ബന്ധുക്കളും ബഹിഷ്കരണത്തിൽ കൈകോർത്തു. ഭാര്യയെ കാണാൻ സമ്മതിച്ചില്ല. പണ്ഡിതർ ഫത്‌വ നൽകി. 'അമുസ്‌ലിമായതിനാൽ വിവാഹമോചനം നടന്നിരിക്കുന്നു.' ത്വലാഖ് ചൊല്ലേണ്ടതില്ല. ഭാര്യയെ മറ്റൊരാൾക്ക് വിവാഹവും ചെയ്തുകൊടുത്തു. വലിയ ഖാസിയാണ് നിക്കാഹ് ചെയ്തുകൊടുത്തത്. കെ. പി. വിട്ടില്ല. കോടതിയെ സമീപിച്ചു. കേസ് ഫയൽ ചെയ്തു. കേസിനിടയിൽ കോഴിക്കോട് അന്നത്തെ വലിയ ഖാസി ഇടപെട്ടു. അഹ്മദികൾ മുസ്‌ലിംകളല്ലായെന്ന് റിവ്യൂ പെറ്റീഷൻ നല്കപ്പെട്ടു. കളവിന്റെ പിൻബലത്തിൽ തലാഖ് കേസിൽ കെ.പി. പരാജയപ്പെട്ടു. പക്ഷേ, മറ്റൊരു സുപ്രധാനവിധി അതിൽനിന്നുമുണ്ടായി. ജസ്റ്റീസ് കൃഷ്ണയ്യർ തന്റെ വിധി പ്രസ്താവത്തിൽ അഹ്മദികൾ മുസ്‌ലിംകൾ തന്നെയെന്ന് വിധിച്ചു. തന്റെ ജീവിതത്തിലെ ഏറ്റവും ധന്യമായ മുഹൂർത്തമായാണ് ഈ വിധിയെപറ്റി കെ.പി. അനുസ്മരിക്കുന്നത്.

നാല് വർഷത്തെ കേസ് കെ.പിയെ സാമ്പത്തികമായി ഞെരുക്കി. ഇതിനിടയിൽ കൂടാളിയിൽ മറ്റൊരു കല്ല്യാണം കഴിച്ചു. മാതൃഭൂമിയിൽ പ്രൂഫ് റീഡറായി താല്ക്കാലിക സേവനമനുഷ്ഠിച്ച കെ.പി. മദ്രാസിലും തിരുവനന്തപുരത്തും, ചാവക്കാട്ടും ജോലി ചെയ്തിരുന്നു. എ.പി.കുഞ്ഞാമുസാഹിബ് കോഴിക്കോട് ഖാഇദായിരുന്നപ്പോൾ ഇദ്ദേഹം സെക്രട്ടറി സ്ഥാനം വഹിച്ചിട്ടുണ്ട്. ജമാഅത്തിന്റെ പല മേഖലകളിലും പിന്നണിയിൽനിന്നും കെ. പി. അഹ്മദ് സാഹിബ് പ്രവർത്തിച്ചുവരുന്നു. എ.പി കുഞ്ഞാമു സാഹിബ് സംസ്ഥാന തബ്‌ലീഗ് സെക്രട്ടറിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ പിന്നിലും. ആലിക്കോയ സാഹിബ് എക്സിബിഷൻ മാറ്റർ തയ്യാറാക്കിയപ്പോൾ അതിന്റെ പിന്നിലും പ്രവർത്തിച്ചത് കെ. പി. ഇന്നും മനസ്സിൽ സൂക്ഷിക്കുന്നുണ്ട്.

തികച്ചും നിഷേധിയായി, എന്തും ചോദ്യം ചെയ്ത് നാടകത്തിലും സംഗീതത്തിലും ശ്രദ്ധയൂന്നി ജീവിച്ച കെ.പി. അഹ്മദ് സാഹിബ്, തനിക്ക് അഹ്മദിയ്യാ ജമാഅത്തിൽ എത്തിച്ചേരാനായത് ഒരു ഭാഗ്യമായി കരുതുന്നു. അല്ലെങ്കിൽ അന്നത്തെ സാഹചര്യത്തിന്റെ കുത്തൊഴുക്കിൽപെട്ട് എന്തെല്ലാമോ സംഭവിക്കുമായിരുന്നു.

(5-ാം പേജിൽനിന്ന്)

ഇതിന് ഒരു ജാമ്യവുമില്ല. നിങ്ങൾ നിങ്ങളുടെ നന്മയെ ആഗ്രഹിക്കുന്നെങ്കിൽ മനുഷ്യരോട് ഔദാര്യം കാണിക്കുന്ന അല്ലാഹുവിന്റെ പ്രിയപ്പെട്ട നബി(സ)യുടെ മേലുള്ള ഈ ആക്രമണം അവസാനിപ്പിക്കുക. ആ മഹാത്മാവുമായി ബന്ധം സ്ഥാപിക്കുക. ബന്ധം വയ്ക്കുന്നില്ലെങ്കിൽതന്നെ മാന്യത എന്നു പറയുന്നത് മൗനം പാലിക്കുക എന്നതാണ്.

യുദ്ധത്തിനു പുറമേ കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം കാരണത്താൽ ലോകം നാശത്തിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ഹോളണ്ട് എന്ന രാജ്യത്ത് ശിർക്ക് എത്ര മാത്രം വർദ്ധിച്ചിരിക്കുന്നുവെന്നുവെച്ചാൽ, ഇവിടുത്തെ ചിലർ പറയുന്നത് ബാക്കി രാജ്യങ്ങളെല്ലാം ദൈവം സൃഷ്ടിച്ചതാണെന്നും എന്നാൽ, ഹോളണ്ടിനെ തങ്ങൾ സൃഷ്ടിച്ചുവെന്നുമാണ്. സമുദ്രം കുറച്ച് നികത്തിയ കാരണത്താൽ ഇവരുടെ ബുദ്ധി മറിഞ്ഞുപോയി. രാജ്യത്തിന്റെ അധികഭാഗവും സമുദ്ര ഉപരിതലത്തിന് താഴെയാണെന്ന് ഇവർ മനസ്സിലാക്കുന്നില്ല. കൊടുങ്കാറ്റും വിപത്തുകളും ദൈവത്തിന്റെ ശിക്ഷയും വരുമ്പോൾ അത് പർവ്വതങ്ങളെപോലും മുക്കിക്കളയാറുണ്ട്. അതുകൊണ്ട് ഈ ജനങ്ങളേയും ലോകത്തുള്ള എല്ലാവരേയും അല്ലാഹുവിന്റെ സമീപത്ത് കൊണ്ടുവരിക എന്നത് അഹ്മദികളുടെ ഉത്തരവാദിത്തമാണ്. നിങ്ങൾ നിങ്ങളുടെ ഉത്തരവാദിത്തം മനസ്സിലാക്കുക. സ്വയം ഈ നബിയുടെ മാതൃകയിലൂടെ നടന്നുകൊണ്ട് ദയാവികാരത്തോടെ മനുഷ്യരെ രക്ഷിക്കാൻ ചിന്തിക്കുക. ലോകത്തിന് ഏകദൈവത്തെ പരിചയപ്പെടുത്തിക്കൊടുക്കുക. അല്ലാഹു പറഞ്ഞതുപോലെ തൗബാ ചെയ്യുന്നവനും വിശ്വസിക്കുന്നവനും ഈമാനിൽ നിലനിന്നുകൊണ്ട് സൽകർമ്മങ്ങൾ ചെയ്യുന്നവനും തന്നെയാണ് പൊറുക്കപ്പെടുന്നത്.

ഈ സന്ദേശം പൊതുജനങ്ങളിലേക്ക് എത്തിക്കുക. ഇല്ലെങ്കിൽ ഞാൻ മുമ്പേയും പറഞ്ഞതുപോലെ ലോകം അല്ലാഹുവിന്റെ പ്രിയപ്പെട്ട ദാസന്റെ മേൽ അക്രമപരമായ ആക്രമണം നടത്തി ശിക്ഷയെ വിളിച്ചുവരുത്തുകയാണ് ചെയ്യുന്നത്. ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ആകാശത്തുനിന്നും ഭൂമിയിൽനിന്നുമുള്ള വിപത്തുകളെ തന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവെന്ന നിലയിൽ സമർപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് ഭയപ്പെടേണ്ട സ്ഥാനമാണിത്. വളരെ ഗൗരവത്തോടെ ജനങ്ങൾക്കിത് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കേണ്ട ആവശ്യമുണ്ട്. നബി(സ)യുടെ സ്ഥാനം ഇവർക്ക് വ്യക്തമാക്കിക്കൊടുക്കുകയും സംസ്കാരശൂന്യരും അജ്ഞരുമായ അറബികളെ അക്കാലത്ത് സംസ്കാര സമ്പന്നരും ദൈവത്തിന്റെ പ്രിയരുമാക്കി മാറ്റുകയും ചെയ്ത ആ പ്രകാശത്തെ കാണിച്ചുകൊടുക്കേണ്ട ആവശ്യമുണ്ട്.

## ക്രിസ്തുവിനെ സംബന്ധിച്ച മറ്റൊരു വിവാദ പുസ്തകംകൂടി

**റോം:** 'ദ ഡാവിഞ്ചി കോഡിനുശേഷം ക്രിസ്തുമതവുമായി ബന്ധപ്പെട്ട മറ്റൊരു വിവാദ പുസ്തകംകൂടി. ബെഞ്ചമിൻ ഇസ്കാരിയോട്ട് എഴുതിയ 'യൂദാസിന്റെ സുവിശേഷങ്ങൾ' എന്നാണ് പുസ്തകത്തിന്റെ പേര്. യേശുവിനെ കൊല്ലുന്നതിന് കൂട്ടുനിൽക്കുകയായിരുന്നില്ല, ശിക്ഷയിൽനിന്ന് രക്ഷപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു യൂദാസെന്ന വാദമാണ് പുസ്തകത്തിൽ.

ബ്രിട്ടീഷ് നോവലിസ്റ്റ് ജെഫ്രി ആർച്ചറും ഓസ്ട്രേലിയൻ പുരോഹിതനും ലോകപ്രശസ്ത ബൈബിൾ പണ്ഡിതനുമായ ഫ്രാൻസിസ് മൊളോണിയും ചേർന്നെഴുതിയ ഈ പുസ്തകത്തിൽ വിവാദത്തിനുള്ള മരുന്നേറെയുണ്ട്. യൂദാസ് ഒരു ഗുമസ്തനുമായി ചേർന്ന് യേശുവിനെ നാടുകടത്താനുള്ള പദ്ധതി തയ്യാറാക്കിയതായും എന്നാൽ, കൂട്ടാളി ചതിച്ച് യേശുവിനെ വധിക്കാനായി കൈമാറുകയായിരുന്നെന്നും പറയുന്നു.


# എക്സിബിഷൻ അൽ-ഖുർആൻ ഇന്റർനാഷണൽ-2007

**ഏപ്രിൽ 9 മുതൽ 22 വരെ**

**കോഴിക്കോട് അപ്സര ഗ്രൗണ്ടിൽ**

**ഹസ്റത്ത് മിർസാ വസീം അഹ്മദ് സാഹിബ്**
***ഉദ്ഘാടനം ചെയ്യുന്നു.***

- *വിശുദ്ധഖുർആനിലെ തത്ത്വരഹസ്യങ്ങളടങ്ങിയ ബോർഡുകൾ...........*
- *വിവിധ ലോകഭാഷകളിലെ ഖുർആൻ പരിഭാഷകൾ..........*
- *അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പുരോഗതി വ്യക്തമാക്കുന്ന ദൃശ്യങ്ങൾ........*
- *വീഡിയോ പ്രദർശനം..........*
- *ചർച്ചാവേദി .......*

**എക്സിബിഷൻ കാണാൻ ഏവരേയും സ്വാഗതം ചെയ്യുന്നു.**

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്**
**കോഴിക്കോട്**


Published by Dr. Salahudheen, North Ilaqa Qaid for Majlis Khuddamul Ahmadiyya. Chief Editor - T. Sharafudheen, Editor - Shamsudheen, Kannur.